# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പള്ളിവാസൽ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

**2020-2021**

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584

ഇ-മെയിൽ: doidk.ksad@kerala.gov.in

ഫോൺ : 04862-227332

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: kSAD IDK.No.7/893/21

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584
തീയ്യതി: 20/11/2021
ഇ-മെയിൽ: doidk.ksad@kerala.gov.in
ഫോൺ: 04862-227332

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പള്ളിവാസൽ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : പള്ളിവാസൽ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പള്ളിവാസൽ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി.
3) കാര്യാലയ പകർപ്പ്.

നമ്പർ: kSAD IDK.No.7/893/21 തീയ്യതി: 20/11/2021

## ഇടുക്കി ജില്ലയിലെ പള്ളിവാസൽ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ പള്ളിവാസൽ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 12-09-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 13 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 11 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.സി.ആർ .ബീനാകുമാരി | ഡെപ്യൂട്ടി ഡയറക്ടർ | 18-09-2021 | 22-09-2021 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 18-09-2021 | 22-09-2021 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീമതി.സുസനിയാമ്മ തോമസ്, ഓഡിറ്റ് ഓഫീസർ
ശ്രീ. രാജീവ് എം.എസ് , ഓഡിറ്റ് ഓഫീസർ
ശ്രീമതി.മരുൺ മാത്യു അസി. ഓഡിറ്റ് ഓഫീസർ
ശ്രീ. ജോസഫ് ചാക്കോ, അസി.ഓഡിറ്റ് ഓഫീസർ
ശ്രീ. അഭിലാഷ് എം.കെ, അസി. ഓഡിറ്റ് ഓഫീസർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.അമിത സി.ഒ | സെക്രട്ടറി | 01-04-2020 | 09-06-2020 |
| ശ്രീ.നിസാർ സി.എ | സെക്രട്ടറി | 10-06-2020 | 31-03-2021 |
| ശ്രീമതി. തുളസിഭായ് കൃഷ്ണൻ | പ്രസിഡന്റ് | 01-04-2020 | 10-11-2020 |
| ഭരണ നിർവ്വഹണ കമ്മിറ്റി | സെക്രട്ടറി | 11-11-2020 | 29-12-2020 |
| ശ്രീ. വി. ജി. പ്രതീഷ്കുമാർ | പ്രസിഡന്റ് | 30-12-2020 | 31-03-2021 |

### നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.സിജി എം.എ | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീമതി.ജമീല എം.യു | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2020 | 11-12-2020 |
| ശ്രീമതി.റീമ എം.എസ് | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 12-12-2020 | 31-03-2021 |
| ശ്രീ.ജെസ്ബിൻ തോമസ് | വി.ഇ.ഓ | 01-04-2020 | 31-03-2021 |
| ഡോ.റിനോജ് ജോസഫ് | വെറ്ററിനറി സർജൻ | 01-04-2020 | 31-03-2021 |
| ഡോ.ശ്രീകല എൻ | ഹോമിയോ,മെഡിക്കൽ ഓഫീസർ | 01-04-2020 | 29-12-2020 |
| ഡോ.സ്മിതാ മോഹൻ | ഹോമിയോ,മെഡിക്കൽ ഓഫീസർ | 30-12-2020 | 31-03-2021 |
| ശ്രീ.വൈശാഖൻ ആർ എൽ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ഡോ.അരവിന്ദ് പി | മെഡിക്കൽ ഓഫീസർ പി.എച്ച്.സി | 01-04-2020 | 31-03-2021 |
| ഡോ.മെർലിൻ കുര്യാക്കോസ് | ആയുർവ്വേദം,മെഡിക്കൽ ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീ,സുജിത് പി.രാഘവൻ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 19-04-2020 |
| ശ്രീ.സാബു എം.എസ് | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 20-04-2020 | 17-02-2021 |
| ശ്രീ.റിനു തോമസ് | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 18-02-2021 | 31-03-2021 |
| ശ്രീമതി. യേശുദാസി എസ്. മേരി | അസി.സെക്രട്ടറി | 01-04-2020 | 21-06-2020 |
| ശ്രീ.അനൂപ് കെ.എൻ | അസി.സെക്രട്ടറി | 22-06-2020 | 31-03-2021 |

**ഉള്ളടക്കം**


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Marun Mathew (Asst. Audit Officer, On 16-09-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 12-11-2021) | 1-1 |
| 2 | വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ ബജറ്റ് നിർദ്ദേശം സമർപ്പിച്ചിട്ടില്ല<br>Written By: Marun Mathew (Asst. Audit Officer, On 16-09-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 12-11-2021) | 1-1-1 |
| 3 | പുതുക്കിയ ബജറ്റ് പാസ്സാക്കിയതിലെ അപാകതകൾ<br>Written By: Marun Mathew (Asst. Audit Officer, On 16-09-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 08-11-2021) | 1-1-2 |
| 4 | നികുതി/നികുതിയേതര ഇനങ്ങളുടെ വരവ് സംബന്ധിച്ച ബജറ്റ് എസ്റ്റിമേറ്റ് വിശകലനം<br>Written By: Marun Mathew (Asst. Audit Officer, On 16-09-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 12-11-2021) | 1-1-3 |
| 5 | റവന്യൂ ചെലവ് സംബന്ധിച്ച ബജറ്റ് എസ്റ്റിമേറ്റ് അവലോകനം<br>Written By: Marun Mathew (Asst. Audit Officer, On 16-09-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 12-11-2021) | 1-1-4 |
| 6 | വാർഷിക ധനകാര്യ പത്രിക<br>Written By: Marun Mathew (Asst. Audit Officer, On 13-09-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 09-11-2021) | 1-2 |
| 7 | ഗ്രാന്റ് വിനിയോഗം<br>Written By: Marun Mathew (Asst. Audit Officer, On 16-09-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 12-11-2021) | 1-3 |
| 8 | പദ്ധതി അവലോകനം<br>Written By: M.S.Rajeev (Audit Officer, On 23-09-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 12-11-2021) | 1-4 |
| 9 | തൊഴിലുറപ്പ് പദ്ധതി<br>Written By: Marun Mathew (Asst. Audit Officer, On 16-09-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 09-11-2021) | 1-5 |
| 10 | ക്ഷേമ പദ്ധതികൾ<br>Written By: Susaniamma Thomas (Audit Officer, On 13-09-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 17-11-2021) | 1-6 |
| 11 | ക്യാഷ് വെരിഫിക്കേഷൻ<br>Written By: Susaniamma Thomas (Audit Officer, On 13-09-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 12-11-2021) | 1-7 |
| 12 | ആഭ്യന്തര നിയന്ത്രണം<br>Written By: Susaniamma Thomas (Audit Officer, On 21-09-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 16-11-2021) | 1-8 |
| 13 | സ്റ്റെയിൽ ചെക്ക് തുക ബാധ്യതയിൽ നിന്നും ക്രമീകരിച്ചില്ല<br>Written By: Marun Mathew (Asst. Audit Officer, On 16-09-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 10-11-2021) | 1-9 |
| 14 | ജവഹർ ലോൺ രജിസ്റ്റർ - ലോൺ അക്കൗണ്ടുമായി പൊരുത്തപ്പെടുന്നില്ല<br>Written By: Marun Mathew (Asst. Audit Officer, On 16-09-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 10-11-2021) | 1-10 |
| 15 | പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ സമയബന്ധിതമായി വിനിയോഗിക്കാതെ പഞ്ചായത്ത് ഫണ്ടിൽ നിക്ഷേപിച്ചിരിക്കുന്നു<br>Written By: Marun Mathew (Asst. Audit Officer, On 16-09-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 16-11-2021) | 1-11 |
| 16 | വസ്തു നികുതി - നിർണ്ണയിച്ച് ഈടാക്കിയതിൽ കുറവ്<br>Written By: M.K.Abhilash (Asst. Audit Officer, On 22-09-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 16-11-2021) | 1-12 |
| 17 | വാടക ഈടാക്കുവാൻ അവശേഷിക്കുന്നത് -<br>Written By: M.K.Abhilash (Asst. Audit Officer, On 15-09-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 11-11-2021) | 1-13 |
| 18 | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് (FTEAOS) - അപാകതകൾ<br>Written By: M.K.Abhilash (Asst. Audit Officer, On 15-09-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 11-11-2021) | 1-14 |
| 19 | മൊബൈൽ ടവർ - നികുതി അടവാക്കിയിട്ടില്ല.<br>Written By: M.K.Abhilash (Asst. Audit Officer, On 16-09-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 11-11-2021) | 1-15 |
| 20 | ഇ-ടെണ്ടർ ചെയ്തിട്ടുള്ള മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫോം വില ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും ഗ്രാമ പഞ്ചായത്തിന്റെ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റു ചെയ്തതിന്റെ വിവരം ലഭ്യമല്ല<br>Written By: M.S.Rajeev (Audit Officer, On 23-09-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 16-11-2021) | 1-16 |
| 21 | 2020-21 സാമ്പത്തിക വർഷം നടപ്പാക്കിയ പൊതുമരാമത്ത് പ്രവൃത്തികളുടെ ഫയലുകളുടെ സൂക്ഷിപ്പിലെ പൊതുന്യൂനതകൾ<br>Written By: M.S.Rajeev (Audit Officer, On 23-09-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 16-11-2021) | 1-17 |
| 22 | റോഡ് കോൺക്രീറ്റിംഗ് സ്പെസിഫിക്കേഷൻ പ്രകാരമല്ല<br>Written By: M.S.Rajeev (Audit Officer, On 23-09-2021)<br>Last Updated By: Shyni M.R (Computer Assistant, On 20-11-2021) | 1-18 |
| 23 | കംപ്യൂട്ടർ വാങ്ങൽ പദ്ധതികൾ - കെൽട്രോണിൽ നിന്നും ടാക്സ് ബിൽ ഹാജരാക്കിയില്ല<br>Written By: Joseph Chacko (Asst. Audit Officer, On 17-09-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 16-11-2021) | 1-19 |
| 24 | വൗച്ചറുകൾ തയ്യാറാക്കാതെ ചെക്കുകൾ മാറി തുകകൾ ചെലവഴിച്ചത് - ₹1,27,107/- ചട്ടവിരുദ്ധം<br>Written By: Susaniamma Thomas (Audit Officer, On 20-09-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 16-11-2021) | 1-20 |
| 25 | ആശ്രയ പദ്ധതി - തുക ചെലവഴിക്കാത്തത്<br>Written By: Joseph Chacko (Asst. Audit Officer, On 17-09-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 11-11-2021) | 1-21 |
| 26 | പി.എച്ച്.സി.-ക്ക് മരുന്ന് വാങ്ങൽ - മരന്നുകൾ ലഭ്യമായില്ല<br>Written By: Joseph Chacko (Asst. Audit Officer, On 17-09-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 16-11-2021) | 1-22 |
| 27 | ഹോമിയോ മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല - തടസ്സം - ₹1,50,000/-<br>Written By: Susaniamma Thomas (Audit Officer, On 20-09-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 16-11-2021) | 1-23 |
| 28 | എച്ച്.എം.സി . - വാർഷിക കണക്കുകൾ ഓഡിറ്റിന് ഹാജരാക്കിയില്ല<br>Written By: Susaniamma Thomas (Audit Officer, On 20-09-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 11-11-2021) | 1-24 |
| 29 | ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ല<br>Written By: Susaniamma Thomas (Audit Officer, On 20-09-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 11-11-2021) | 1-25 |
| 30 | തെരുവ് വിളക്കുകളുടെ പരിപാലനം - സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല<br>Written By: Susaniamma Thomas (Audit Officer, On 20-09-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 16-11-2021) | 1-26 |
| 31 | പൊതുടാപ്പുകളുടെ വെള്ളക്കരം - അധികം ഒടുക്കിയ തുക ക്രമീകരിക്കേണ്ടതാണ്<br>Written By: Susaniamma Thomas (Audit Officer, On 20-09-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 16-11-2021) | 1-27 |
| 32 | കൊറോണ പ്രതിരോധ പ്രവർത്തനങ്ങൾ<br>Written By: Susaniamma Thomas (Audit Officer, On 20-09-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 16-11-2021) | 1-28 |
| | **ഭാഗം 2** | |
| | --- No Records Found --- | |

| | | |
|---|---|---|
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Susaniamma Thomas (Audit Officer, On 13-09-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 11-11-2021) | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Susaniamma Thomas (Audit Officer, On 13-09-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 11-11-2021) | 4-2 |
| 3 | നിക്ഷേപ പ്രവർത്തികൾ<br>Written By: Marun Mathew (Asst. Audit Officer, On 13-09-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 11-11-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ്<br>Written By: Susaniamma Thomas (Audit Officer, On 13-09-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 11-11-2021) | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Marun Mathew (Asst. Audit Officer, On 17-09-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 16-11-2021) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Susaniamma Thomas (Audit Officer, On 13-09-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 11-11-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Susaniamma Thomas (Audit Officer, On 23-09-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 11-11-2021) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം<br>Written By: Marun Mathew (Asst. Audit Officer, On 13-09-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 11-11-2021) | 4-8 |
| 9 | ചാർജ്/സർചാർജ് സർട്ടിഫിക്കറ്റ് വിവരങ്ങൾ<br>Written By: Susaniamma Thomas (Audit Officer, On 13-09-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 16-11-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Susaniamma Thomas (Audit Officer, On 13-09-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 16-11-2021) | 4-10 |
| 11 | തീർപ്പാക്കുവാനവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരം<br>Written By: Susaniamma Thomas (Audit Officer, On 13-09-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 12-11-2021) | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

## ഭാഗം -1

### 1-1 ബജറ്റ്

09.02.2020ലെ 1-ാം നമ്പർ തീരുമാനപ്രകാരം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിച്ച പള്ളിവാസൽ ഗ്രാമ പഞ്ചായത്തിന്റെ 2020-21-ലെ ബജറ്റ് 17.03.2020-ലെ 1(1) നം തീരുമാന പ്രകാരം ഭരണ സമിതിയുടെ അംഗീകാരം നേടി. ₹4,99,82,157/- മുന്നിരിപ്പും ₹18,84,75,200/- വരവും ₹17,24,64,000/- ചെലവും ₹6,59,93,363/- നീക്കിയിരിപ്പും ഉള്ള പുതുക്കിയ ബജറ്റ് 11.01.2021-ലെ 3-ാം നമ്പർ തീരുമാന പ്രകാരം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിക്കുകയും ആയത് 28.01.2021-ലെ 3(1) നമ്പർ തീരുമാനപ്രകാരം ഭരണസമിതി അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.

### 1-1-1 വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ ബജറ്റ് നിർദ്ദേശം സമർപ്പിച്ചിട്ടില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 214(1) പ്രകാരം വികസന പദ്ധതികളുടെ ചെലവ് ഉൾപ്പെടെ അടുത്ത വർഷത്തേക്ക് ഉണ്ടാകാനിടയുള്ള വരവ് ചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് ഉൾക്കൊള്ളുന്ന ബജറ്റ് നിർദ്ദേശം ഓരോ സ്റ്റാൻഡിംഗ് കമ്മിറ്റികളും സെക്രട്ടറിയും മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരും നല്കുന്ന എസ്റ്റിമേറ്റും നിർദ്ദേശങ്ങളും പരിഗണിച്ചുകൊണ്ട് തയ്യാറാക്കി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രസ്തുത നിർദ്ദേശങ്ങളെ പരിഗണിച്ചുകൊണ്ടുമാണ് ബജറ്റ് തയ്യാറാക്കേണ്ടത്. എന്നാൽ ഗ്രാമപഞ്ചായത്തിന്റെ ബജറ്റ് ഫയലിൽ സെക്രട്ടറി ഉൾപ്പെടെയുള്ള വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ ബജറ്റ് നിർദ്ദേശങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികൾ വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ നിർദ്ദേശങ്ങൾ പരിഗണിക്കുകയോ അവരുമായി ചർച്ച ചെയ്യുകയോ ചെയ്തിട്ടുള്ളതായി കാണിക്കുന്ന ഒരു രേഖയും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. സെക്രട്ടറിയും വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരും ബജറ്റുമായി ബന്ധപ്പെട്ട എസ്റ്റിമേറ്റും നിർദ്ദേശങ്ങളും തയ്യാറാക്കി നല്കിയിട്ടുമില്ല.

### 1-1-2 പുതുക്കിയ ബജറ്റ് പാസ്സാക്കിയതിലെ അപാകതകൾ

ബജറ്റിൽ വിഭാവനം ചെയ്ത വരവിലോ ബജറ്റ് എസ്റ്റിമേറ്റിൽ കൂടുതൽ ഏതിനത്തിലെങ്കിലും ചെലവഴിച്ചാലോ വ്യതിയാനം വ്യക്തമാക്കി പുതുക്കിയ ബജറ്റ് അവതരിപ്പിച്ച് അംഗീകാരം നേടേണ്ടതുമാണ്. ഡിസംബർ അവസാന വാരം ഉദ്യോഗസ്ഥരുടെ പക്കൽ നിന്നും (ഘടക സ്ഥാപനങ്ങളിലെ ഓഫീസ് തലവന്മാരിൽ നിന്നും) തന്നാണ്ട വർഷത്തെ റിവൈസ്ഡ് ബജറ്റിനുള്ള പ്രൊപ്പോസലുകൾ സെക്രട്ടറി ആവശ്യപ്പെടേണ്ടതാണ്. എന്നാൽ, പഞ്ചായത്ത് 2020-21-ലെ പുതുക്കിയ ബജറ്റ് തയ്യാറാക്കിയെങ്കിലും പുതുക്കിയ പ്രൊപ്പോസലുകൾ സ്വീകരിച്ചിട്ടില്ല.

### 1-1-3 നികുതി/നികുതിയേതര ഇനങ്ങളുടെ വരവ് സംബന്ധിച്ച ബജറ്റ് എസ്റ്റിമേറ്റ് വിശകലനം

സ്ഥാപനത്തിന്റെ നികുതി, നികുതിയേതര ഇനങ്ങളുടെ വരവ് സംബന്ധിച്ച ബജറ്റ് എസ്റ്റിമേറ്റിന്റേയും യഥാർത്ഥത്തിലുള്ളതിന്റേയും വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ഇനം | 2020-21 പുതുക്കിയ ബജറ്റ് എസ്റ്റിമേറ്റ് | യഥാർത്ഥ വരുമാനം (ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം) | വ്യതിയാനം |
|---|---|---|---|
| നികുതി വരവ് | 17600000 | 11677529 | 5922471 |
| വാടക | 687000 | 604510 | 82490 |
| ഫീ & യൂസർ ചാർജ്ജ് | 1627000 | 1051658 | 575342 |
| സെയിൽ ആന്റ് ഹയർ ചാർജ്ജ് | 570000 | 175028 | 394972 |

### 1-1-4 റവന്യൂ ചെലവ് സംബന്ധിച്ച ബജറ്റ് എസ്റ്റിമേറ്റ് അവലോകനം

| | 2020-21 പുതുക്കിയബജറ്റ് എസ്റ്റിമേറ്റ് ₹ | യഥാർത്ഥ ചെലവ് (ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം | വ്യതിയാനം ₹ |
|---|---|---|---|
| എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ | 13960000 | 8626262 | 5333738 |
| ഭരണ ചെലവുകൾ | 2202000 | 1307687 | 894313 |
| സംരക്ഷണവും നടത്തിപ്പും | 1981000 | 2455526 | -474526 |

സംരക്ഷണവും നടത്തിപ്പും ചെലവുകൾ ബജറ്റിൽ വകയിരുത്തിയ തുകയേക്കാൾ ₹4,74,526/- അധികരിച്ചതായി കാണുന്നു. 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 214(1)6 പ്രകാരം അനിവാര്യമായ അടിയന്തിര സാഹചര്യങ്ങളിലൊഴികെ ചെലവ് ചെയ്യുന്ന സമയത്ത് പ്രാബല്യത്തിലുള്ളതായ ബജറ്റ് എസ്റ്റിമേറ്റിൽ ഉൾപ്പെട്ടിട്ടില്ലാത്ത ഒരു തുകയും ചെലവാക്കുവാൻ പാടില്ലാത്തതാണ്. ബജറ്റ് തയ്യാറാക്കിയതിലെ അപാകതയിലേക്കാണ് ഇത് വിരൽ ചൂണ്ടുന്നത്. മറ്റ് റവന്യൂ ചെലവുകളാവട്ടെ ബജറ്റ് എസ്റ്റിമേറ്റിനേക്കാൾ വളരെ കറവാണെന്ന് കാണുന്നു. സ്ഥാപനത്തിന്റെ ഒരു വർഷത്തെ പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്ന ആധികാരിക രേഖയെന്ന നിലയിൽ ബജറ്റ് തയ്യാറാക്കുമ്പോൾ സ്ഥാപനം കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടതാണ്.

### 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2021 | 30.04.2021 | - | - |

### 1-3 ഗ്രാന്റ് വിനിയോഗം

| ഇനം | മുൻബാക്കി ₹ | തൻവർഷ വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ |
|---|---|---|---|---|---|
| വികസനഫണ്ട് – പൊതുവിഭാഗം (ACR പ്രകാരം) | 0 | 17700000 | 17700000 | 17624607 | 75393 |
| വികസനഫണ്ട് – എസ്.സി.പി. (ACR പ്രകാരം) | 0 | 11016000 | 11016000 | 9369709 | 1646291 |
| വികസനഫണ്ട് – ടി.എസ്.പി. (ACR പ്രകാരം) | 0 | 256000 | 256000 | 129073 | 126927 |
| കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | 0 | 11680000 | 11680000 | 10439115 | 1240885 |
| മെയിന്റനൻസ് ഗ്രാന്റ് - റോഡ് (ACR പ്രകാരം) | 0 | 6549000 | 6549000 | 6549000 | 0 |
| | | | | | |

| | | | | | |
|---|---|---|---|---|---|
| മെയിന്റനൻസ് ഗ്രാന്റ് - റോഡിതരം (ACR പ്രകാരം) | 0 | 4521000 | 4521000 | 3946104 | 574896 |
| എൻ.ആർ.ഇ.ജി.എസ്.- കൂലി ചെലവ് | 0 | 33232455 | 33232455 | 33232455 | 0 |
| എൻ.ആർ.ഇ.ജി.എസ്.- ഭരണചെലവ് | 3576 | 2613097 | 2616673 | 2370552 | 246121 |
| ഐ.സി.ഡി.എസ്. | 603323 | 944325 | 1547648 | 957933 | 589715 |
| സമ്പൂർണ്ണ ശുചിത്വം | 32147 | 0 | 32147 | 0 | 32147 |
| വിമുക്തി | 39140 | 0 | 39140 | 0 | 39140 |
| ഹരിതകേരളം | 17193 | 0 | 17193 | 0 | 17193 |
| പശ്ചിമഘട്ടവികസനപദ്ധതി | 14013 | 0 | 14013 | 0 | 14013 |
| MLA ഫണ്ട് | 17 | 0 | 17 | 0 | 17 |
| ശുചിത്വ മിഷൻ | 3312093 | 1727505 | 5039598 | 2049328 | 2990270 |
| പകർച്ചവ്യാധി | 0 | 500000 | 500000 | 128164 | 371836 |
| നബാർഡ് അഡ്വാൻസ് | 0 | 644000 | 644000 | 500000 | 144000 |

തൻവർഷ വാർഷിക കണക്കിൽ ബി-4 ഷെഡ്യൂളിൽ ഹെഡ് നം. 320300199-ൽ ₹24,15,580/- ബാലൻസ് ഉണ്ട്. ആയത് ഏതിനത്തിലുള്ള ഗ്രാന്റ് ഇകയാണെന്ന് വ്യക്തമല്ല. ആർ.പി.31-ൽ ₹38,337/- വരവ് ഉണ്ട്. ആയത് ഏതിനത്തിലുള്ള ഗ്രാന്റ് ഇകയാണെന്ന് വ്യക്തമല്ല. ആയതിനാൽ ഹെഡ് നം.320300199 പ്രകാരമുള്ള വരവ്-ചെലവുകൾ ഗ്രാന്റിനൊപ്പം ചേർത്തിട്ടില്ല. 2020-21 ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ എല്ലാ വരവ് ഇകകളും ചേർക്കാത്തതിനാൽ വികസന ഫണ്ട് ജനറൽ നെഗറ്റീവ് ബാലൻസായി കാണിക്കുന്നു.

## 1-4 പദ്ധതി അവലോകനം

വിവിധ ഫണ്ടുകൾ വകയിരുത്തി ആകെ 277 പ്രോജക്ടുകൾക്കാണ് സാമ്പത്തിക വർഷത്തിൽ അംഗീകാരം ലഭിച്ചത്. ആയതിൽ 206 പ്രൊജക്ടുകൾക്ക് സാമ്പത്തിക വർഷത്തിൽ ഇക വിനിയോഗിക്കാൻ കഴിഞ്ഞിട്ടുണ്ട്. സാമ്പത്തിക വർഷം വിവിധ പദ്ധതികൾക്കായി ആകെ വകയിരുത്തിയിരുന്ന ₹15,88,04,605/-ന്റെ 45.28 ശതമാനമായ ₹7,19,13,410/-മാത്രമാണ് തൻവർഷം ചെലവഴിക്കാൻ കഴിഞ്ഞത്. യഥാസമയം പ്രൊജക്ടുകൾ പൂർത്തീകരിച്ച് ട്രഷറിയിൽ ബിൽ സമർപ്പിക്കുന്നതിൽ വന്ന കാലതാമസം കാരണം ലഭ്യമായ വികസന ഫണ്ട്/മെയിന്റനൻസ് ഗ്രാന്റിനങ്ങളിൽ പഞ്ചായത്തിന് ലഭ്യമായ ഇക പൂർണ്ണമായി വിനിയോഗിക്കാൻ കഴിയാതെ ലാപ്സായിട്ടുണ്ട്. വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ ഏറ്റെടുത്ത് നടപ്പാക്കിയ വിവിധ പദ്ധതികളുടെ ചെലവ് സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

| നിർവഹണ ഉദ്യോഗസ്ഥൻ | പദ്ധതികളുടെ എണ്ണം | അടങ്കൽ ₹ | നടപ്പാക്കിയ പദ്ധതികളുടെ എണ്ണം | ചെലവ് ₹ | നടപ്പാക്കാത്ത പദ്ധതികളുടെ എണ്ണം | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| കൃഷി ഓഫീസർ | 5 | 3036000 | 5 | 2335052 | - | 76.91 |
| വെറ്ററിനറി സർജൻ | 6 | 5235259 | 5 | 2544605 | 1 | 48.61 |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി. | 11 | 2622349 | 10 | 2062660 | 1 | 78.66 |
| മെഡിക്കൽ ഓഫീസർ ഹോമിയോ | 1 | 300000 | 1 | 300000 | - | 100 |
| മെഡിക്കൽ ഓഫീസർ ആയുർവേദം | 5 | 1125783 | 4 | 875489 | 1 | 77.77 |
| വി. ഇ. ഒ | 18 | 60882921 | 15 | 10412146 | 3 | 17.1 |
| ഐ സി ഡി എസ് സൂപ്പർവൈസർ | 3 | 4827125 | 2 | 4408733 | 1 | 91.33 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 2 | 884784 | 1 | 648424 | 1 | 73.29 |
| സെക്രട്ടറി | 24 | 14595044 | 13 | 4937498 | 11 | 33.83 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 193 | 61347209 | 144 | 41327643 | 49 | 67.37 |
| അസി. സെക്രട്ടറി | 9 | 3948131 | 6 | 2061160 | 3 | 52.21 |
| **ആകെ** | **277** | **158804605** | **206** | **71913410** | **71** | **45.28** |

സെക്രട്ടറി, വി.ഇ.ഒ എന്നിവർ തങ്ങൾക്ക് ലഭ്യമായ ഫണ്ടിന്റെ നാമമാത്രമായ ഒരംശം മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരിൽ വെറ്ററിനറി സർജൻ, അസി. സെക്രട്ടറി എന്നിവർ ഒഴികെയുള്ള നിർവ്വഹണ ഉദ്യോഗസ്ഥർക്കെല്ലാം തന്നെ തങ്ങളുടെ പ്രൊജക്ടുകളിൽ ഭൂരിഭാഗവും നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ട്.

വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി മിനട്സ് പരിശോധിച്ചതിൽ പ്രൊജക്ടുകളുടെ രൂപീകരണം, നിർവ്വഹണം എന്നിവയിൽ ശ്രദ്ധ ചെലുത്തുകയും നിർവ്വഹണ ഉദ്യോഗസ്ഥരുടെ പ്രവർത്തനം അവലോകനം നടത്തുകയും ചെയ്തുവരുന്നുണ്ട്. എന്നാൽ മറ്റ് സ്റ്റാന്റിംഗ് കമ്മറ്റികൾ തങ്ങൾക്ക് കീഴിലുള്ള നിർവഹണ ഉദ്യോഗസ്ഥരുടെ പ്രവർത്തനം സംബന്ധിച്ച് നിരന്തര വിലയിരുത്തൽ നടത്തി കാണുന്നില്ല. പഞ്ചായത്ത് ഭരണ സമിതി യോഗങ്ങളിലും പ്രൊജക്ടുകളുടെ നിർവ്വഹണം സംബന്ധിച്ച നിരന്തര വിലയിരുത്തൽ നടത്തിയതായി കാണുന്നില്ല. പദ്ധതി രൂപീകരണശേഷം മോണിട്ടറിംഗ് സമിതിയായി പ്രവർത്തിക്കേണ്ട വർക്കിംഗ് ഗ്രൂപ്പുകൾ ബന്ധപ്പെട്ട മേഖലകളിൽ തങ്ങളെ ഏൽപിച്ച ഉത്തരവാദിത്വം നിറവേറ്റുന്നതിനായി പ്രവർത്തനങ്ങളൊന്നും നടത്തി കാണുന്നില്ലെന്ന് ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് മിനട്സുകൾ പരിശോധിച്ചതിൽ വ്യക്തമാകുന്നു. ചില വർക്കിംഗ് ഗ്രൂപ്പുകൾ സാമ്പത്തിക വർഷത്തിൽ പ്രൊജക്ട് നിർദ്ദേശങ്ങൾ സമർപ്പിക്കാൻ മാത്രമാണ് യോഗം ചേർന്നിരിക്കുന്നത്. വർക്കിംഗ് ഗ്രൂപ്പുകൾ തങ്ങളിൽ നിക്ഷിപ്തമായ ചുമതലകൾ നിർവഹിക്കുന്നതോടൊപ്പം യഥാസമയം യോഗം ചേർന്ന് യോഗമിനട്സുകൾ യഥാവിധി എഴുതി സൂക്ഷിക്കേണ്ടതും പ്രൊജക്ടുകളുടെ നിർവ്വഹണത്തിൽ മോണിട്ടറിംഗ് നടത്തി വരുന്നു എന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

## 1-5 തൊഴിലുറപ്പ് പദ്ധതി

വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഇനം | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 3576 | 2613097 | 2616673 | 2370552 | 246121 |
| തൊഴിലാളികളുടെ കൂലി | - | 33232455 | 33232455 | 33232455 | - |

| വർഷാരംഭത്തിൽ | ഒഴിവായ | പുതുതായി | വർഷാവ | തൊഴിൽ |
|---|---|---|---|---|

| ഉണ്ടായിരുന്ന തൊഴിൽ കാർഡുകൾ-എണ്ണം | കാർഡുകൾ | നല്കിയ കാർഡുകൾ - എണ്ണം | സാനമുള്ള ആകെ കാർഡുകൾ | ആവശ്യപ്പെട്ടവർ | |
|---|---|---|---|---|---|
| | | | | കുടുംബങ്ങൾ | വ്യക്തികൾ |
| 3448 | 28 | 77 | 3497 | 1560 | 1925 |

**1-6 ക്ഷേമ പദ്ധതികൾ**

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക ₹ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 7200 | 36 |
| കർഷകതൊഴിലാളി പെൻഷൻ | 1939600 | 125 |
| വിധവാപെൻഷൻ | 9591600 | 642 |
| വാർദ്ധക്യകാലപെൻഷൻ | 21653000 | 1600 |
| വികലാംഗപെൻഷൻ | 3157100 | 233 |
| 50 വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 136000 | 10 |

**1-6-1) പെൻഷൻ അപേക്ഷകൾ തീർപ്പാക്കുന്നതിൽ കാലതാമസം**

ഗ്രാമ പഞ്ചായത്തിൽ സ്വീകരിക്കുന്ന വിവിധ സാമൂഹ്യക്ഷേമ പെൻഷൻ അപേക്ഷകൾ അന്വേഷണ ഉദ്യോഗസ്ഥർക്ക് യഥാസമയം കൈമാറി അവരുടെ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിച്ച് തീർപ്പ് കല്പിക്കേണ്ടതാണ്. ഇത്തരത്തിൽ ലഭിക്കുന്ന ഓരോ അപേക്ഷയും തീർപ്പാക്കുന്നതിന് വിവിധ സാമൂഹ്യ സുരക്ഷാ പെൻഷൻ ചട്ടങ്ങൾ പ്രകാരം സർക്കാർ സമയ പരിധി നിശ്ചയിച്ചിട്ടുണ്ട്.

സമയ പരിധി കേവലം ഒന്നര മാസം മുതൽ രണ്ട് മാസംവരെയായിരിക്കെ അപേക്ഷകളിൽ തീരുമാനമെടുക്കാൻ കാലതാമസമുണ്ടാകുന്നതായി രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ വെളിവാക്കുന്നു. പല അപേക്ഷകളും അന്വേഷണ ഉദ്യോഗസ്ഥന് കൈമാറിയത് വരെയുള്ള വിവരങ്ങൾ മാത്രമാണ് രജിസ്റ്ററിലുള്ളത്. സമൂഹത്തിൽ ഏറ്റവും പാർശ്വവത്ക്കരിക്കപ്പെട്ടവരും സാമ്പത്തികപരവും ആരോഗ്യപരവുമായി ഏറെ പിന്നിൽ നിൽക്കുന്നവരുമായ ജനവിഭാഗത്തിന് ഒരു കൈത്താങ്ങ് എന്ന നിലയിൽ സർക്കാർ അവതരിപ്പിച്ചിട്ടുള്ള സാമൂഹ്യ സുരക്ഷാ പെൻഷനുകൾ നടപടി ക്രമങ്ങൾ പൂർത്തീകരിച്ച് അർഹമായ കൈകളിലേക്ക് താമസംവിനാ എത്തിക്കേണ്ടതാണ്. ക്ഷേമ കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മിനിട്സ് ബുക്കിൽ അന്വേഷണ റിപ്പോർട്ട് ലഭിച്ച വിവിധ പെൻഷൻ അപേക്ഷകൾ തീർപ്പാക്കിയതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും സമർപ്പിക്കപ്പെട്ട മുഴുവൻ അപേക്ഷകളും യഥാവിധി തീർപ്പാക്കിയെന്ന് ഉറപ്പ് വരുത്തിയിട്ടില്ല. ഭരണസമിതി, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, അന്വേഷണ ഉദ്യോഗസ്ഥർ എന്നിവരുടെ സത്വര ശ്രദ്ധ ഇക്കാര്യത്തിലേക്ക് ക്ഷണിക്കുന്നു.

**1-7 ക്യാഷ് വെരിഫിക്കേഷൻ**

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13.09.2021-ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹12,491/- (പന്തീരായിരത്തി നാനൂറ്റി തൊണ്ണൂറ്റി ഒന്ന് രൂപ മാത്രം) ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

**1-8 ആഭ്യന്തര നിയന്ത്രണം**

ഓഫീസ് ഉത്തരവ് മുഖേന ജീവനക്കാർക്ക് ജോലി വിഭജിച്ച് നൽകിയിട്ടുണ്ട്. കൃത്യമായ ഇടവേളകളിൽ ജോലി വിലയിരുത്തി മേൽനോട്ട ചുമതലയുള്ളവർ മോണിറ്ററിംഗ് നടത്തിയിട്ടില്ല. ആസ്തികളുടെയും സ്റ്റോറുകളുടെയും വാർഷിക ഭൗതിക പരിശോധന നടത്തി വരുന്നില്ല. ബജറ്റ് കുറ്റമറ്റതായും വസ്തുനിഷ്ഠവുമായും തയ്യാറാക്കുന്നതിൽ വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളും നിർവ്വഹണ ഉദ്യോഗസ്ഥരും ഭരണ സമിതിയും ജാഗ്രത പുലർത്തേണ്ടതാണ്. വാർഷിക പദ്ധതി ബജറ്റുമായി സംയോജിപ്പിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

സാധനങ്ങളും സേവനങ്ങളും വാങ്ങുന്നത് സംബന്ധിച്ച് കൃത്യമായ പ്രൊക്യൂർമെന്റ് പ്ലാനും ബജറ്റും പഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല. വാങ്ങേണ്ടി വരുന്ന സാധനങ്ങളുടെയും സേവനങ്ങളുടെയും മൊത്തത്തിലുള്ള കണക്കെടുപ്പ് വാർഷാരംഭത്തിൽ തന്നെ നടത്തി സമാഹരണം നടത്തുവാൻ പ്രൊക്യൂർമെന്റ് കമ്മിറ്റി ശ്രദ്ധിക്കേണ്ടതാണ്.

സ്റ്റാന്റിംഗ് കമ്മിറ്റികളുടെ കീഴിലുള്ള വിവിധ മേഖലകളിലെ പദ്ധതി നിർവ്വഹണം മോണിറ്റർ ചെയ്യുന്നതിലും പദ്ധതി പുരോഗതി വിലയിരുത്തി അനുവദിച്ച പദ്ധതിപ്പണം സമയബന്ധിതമായും കാര്യക്ഷമമായും വിനിയോഗിക്കപ്പെട്ടിട്ടുണ്ട് എന്ന് ഉറപ്പുവരുത്തുവാനും സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് സാധിച്ചിട്ടില്ല.

പ്രതിമാസ വരവ്-ചെലവ് കണക്ക് അംഗീകരിക്കുമ്പോൾ കണക്കുകളുമായി ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും ഫയലുകളും കൃത്യമായി സൂക്ഷിക്കുന്നുണ്ടോയെന്നും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തുന്നുണ്ടോയെന്നും കൃത്യമായ ഉത്തരവുകളുടെയും രേഖകളുടെയും അടിസ്ഥാനത്തിലാണ് തുക ചെലവഴിക്കുന്നതെന്നും ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ഉറപ്പ് വരുത്തേണ്ടതുണ്ട്.

**1-8-1) അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ**

കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, വിവിധ ഏജൻസികൾ, മറ്റ് സ്ഥാപനങ്ങൾ, വകുപ്പുകൾ തുടങ്ങിയവ നൽകുന്ന പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വരവ്, ചെലവ്, നീക്കിയിരിപ്പ്, മിച്ചം വന്ന തുകയുടെ തിരിച്ചടവ് തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തുന്ന അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററുകൾ പരിപാലിക്കുന്നില്ല. വിവിധ ഗ്രാന്റുകളുടെ വരവ്, ചെലവ്, നീക്കിയിരിപ്പ് വിശദാംശങ്ങൾ രേഖപ്പെടുത്താത്തതിനാൽ വാർഷിക കണക്കുകളിൽ കൊടുത്തിരിക്കുന്ന തുകകളുടെ കൃത്യത പരിശോധിക്കുന്നതിന് സാധിക്കുന്നില്ല.

**1-8-2) മുൻകൂർ രജിസ്റ്റർ**

മുൻകൂർ രജിസ്റ്ററിൽ ഓണം മുൻകൂർ വിവരങ്ങൾ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. വാർഷിക കണക്കുകൾ പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥർക്കുള്ള മുൻകൂർ, മറ്റുള്ളവർക്കുള്ള മുൻകൂർ എന്നിവ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ, രജിസ്റ്ററിൽ വിവരങ്ങൾ രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

**1-8-3) സ്റ്റോക്ക് രജിസ്റ്റർ**

വാങ്ങുന്ന സ്റ്റോക്കുകളുടെ വിവരങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ, ബിൽ/വൗച്ചർ സ്പെസിഫിക്കേഷൻ, വാറണ്ടി, സ്റ്റോക്കിന്റെ മൂല്യം തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല.

സാമ്പത്തിക വർഷാവസാനം സ്റ്റോക്കുകളുടെ ഭൗതിക പരിശോധന നടത്തി റിപ്പോർട്ട് രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

**1-8-4) സ്യൂട്ട് രജിസ്റ്റർ**

സ്യൂട്ട് രജിസ്റ്റർ പരിപാലിക്കുന്നുണ്ടെങ്കിലും എല്ലാ കോളത്തിലും ആവശ്യമായ രേഖപ്പെടുത്തലുകൾ നടത്തുന്നില്ല. അതിനാൽ, കേസുകളുടെ തൽസ്ഥിതി സംബന്ധിച്ച വിവരങ്ങൾ രജിസ്റ്ററിൽ നിന്നും വ്യക്തമായി അറിയുന്നതിന് സാധിക്കുന്നില്ല.

**1-8-5) ഓഡിറ്റ് റിക്കവറി രജിസ്റ്റർ**

ഓഡിറ്റ് റിക്കവറി രജിസ്റ്ററിൽ വിവിധ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിലെ ഖണ്ഡികകളുടെ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ, ഖണ്ഡികകളിൽ പരാമർശിച്ചിട്ടുള്ള നഷ്ടോത്തരവാദിത്വം സംബന്ധിച്ച വിവരങ്ങൾ, തുക തിരികെ ഒടുക്കിയിട്ടുള്ളതിന്റെ വിവരങ്ങൾ എന്നിവ ചേർത്ത് കാലികമാക്കിയിട്ടില്ല.

**1-8-6) ഡെപ്പോസിറ്റ് രജിസ്റ്റർ**

ഡെപ്പോസിറ്റ് രജിസ്റ്റർ കൃത്യമായി പരിപാലിക്കുന്നില്ല. ഡെപ്പോസിറ്റുകളുടെ റീഫണ്ട് വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തി സെക്രട്ടറി അധികൃതമാക്കിയിട്ടില്ല. എല്ലാ കോളത്തിലും ആവശ്യമായ രേഖപ്പെടുത്തൽ നടത്തിയിട്ടില്ല.

**1-9 സ്റ്റെയിൽ ചെക്ക് തുക ബാധ്യതയിൽ നിന്നും ക്രമീകരിച്ചില്ല**

ഗ്രാമപഞ്ചായത്തിന്റെ 31.03.2021ലെ ആസ്തി-ബാദ്ധ്യത പത്രികയിലെ 350800101 - Liability In Respect Of Stale Cheques എന്ന ശീർഷകത്തിൽ ₹15,784/- രേഖപ്പെടുത്തിയിട്ടുണ്ട്. ഇത് പ്രകാരം മൂന്ന് മാസം കഴിഞ്ഞ Stale Cheque തുകകൾ ഗ്രാമപഞ്ചായത്തിന്റെ ബാധ്യത പട്ടികയിൽ നിന്നും ഒഴിവാക്കി തനത് ഫണ്ടിലേക്ക് വരവ് വെയ്ക്കുന്നതിനുള്ള ക്രമീകരണങ്ങൾ നടത്തേണ്ടതാണ്.

**1-10 ജവഹർ ലോൺ രജിസ്റ്റർ - ലോൺ അക്കൗണ്ടുമായി പൊരുത്തപ്പെടുന്നില്ല**

ജവഹർ ലോൺരജിസ്റ്റർ പ്രകാരം 31.03.21-ലെ ബാലൻസ് ₹30,06,186/- ആണ്. എന്നാൽ ലോൺ സ്റ്റേറ്റ്മെന്റ് പ്രകാരം തിരിച്ചടക്കാൻ ബാക്കിയുള്ളത് ₹39,06,780/-യാണ് എന്ന കാണുന്നു. ലോൺ അക്കൗണ്ടിൽ തിരിച്ചടയ്ക്കുവാൻ ബാക്കി നിൽക്കുന്ന തുകയും തമ്മിൽ ₹9,00,594/- യുടെ വ്യത്യാസം വന്നിട്ടുള്ളത് പൊരുത്തപ്പെടുത്തേണ്ടതാണ്.

**1-11 പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ സമയബന്ധിതമായി വിനിയോഗിക്കാതെ പഞ്ചായത്ത് ഫണ്ടിൽ നിക്ഷേപിച്ചിരിക്കുന്നു**

ഗ്രാമപഞ്ചായത്തിന്റെ ബാലൻസ് ഷീറ്റ് പ്രകാരം 31.03.2021-ൽ ചുവടെ കൊടുത്തിരിക്കുന്ന ഹെഡുകളിൽ നീക്കിയിരിപ്പ് ഉണ്ട്.

ഗ്രാമ പഞ്ചായത്തിന്റെ കഴിഞ്ഞ Stale Cheque തുകകൾ ബാധ്യത പട്ടികയിൽ നിന്നും ഒഴിവാക്കി തനത് ഫണ്ടിലേക്ക് വരവ് കാണിക്കുന്നതിനുള്ള ക്രമീകരണങ്ങൾ നടത്തേണ്ടതാണ്.

| ക്രമ നം. | ഹെഡ് | തുക ₹ |
|---|---|---|
| 1 | 320100115 (TSC) | 32147 |
| 2 | 32010012 | 589715 |
| 3 | 320199119 | 14013 |
| 4 | 320200307 | 17 |
| 5 | 320200322 ശുചിത്വമിഷൻ | 2990270 |
| 6 | 320200321 | 144000 |
| 7 | 320200324 | 371836 |
| 8 | 320200399 | 39140 |
| 9 | 320300103 | 17193 |
| 10 | 320300199 | 2415580 |
| 11 | 320700204 | 86100 |

വിവിധ പ്രോജക്ടുകൾക്കായി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, വിവിധ ഏജൻസികൾ, വകുപ്പുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവ വിവിധ വർഷങ്ങളിൽ അനുവദിച്ച തുകയാണ് ചെലവഴിക്കാതെ പഞ്ചായത്ത് വിവിധ അക്കൗണ്ടുകളിൽ സൂക്ഷിച്ചിരിക്കുന്നത്. പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പരിപാലിക്കാത്തതിനാൽ തുകകളുടെ വിശദാംശങ്ങൾ ലഭ്യമല്ല. മേൽ തുകകളുടെ വരവ് വിശദാംശങ്ങൾ, തുക നൽകിയ സ്ഥാപനം/ഏജൻസി-യുടെ വിവരം, തുക അനുവദിച്ചതിന്റെ ഉദ്ദേശ്യം, തുക വിനിയോഗിച്ചിട്ടുണ്ടെങ്കിൽ വിനിയോഗ വിവരം എന്നിവ ലഭ്യമാക്കേണ്ടതാണ്. തുക വിനിയോഗിച്ചിട്ടുണ്ടെങ്കിൽ ബാധ്യത ശീർഷകത്തിൽ നിന്നും തുക ഇൻകം ശീർഷകത്തിലേയ്ക്ക് മാറ്റാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. തുക വിനിയോഗിച്ചിട്ടില്ലാത്തതിന്റെ കാരണം വിശദീകരണം മുഖേന ലഭ്യമാക്കേണ്ടതാണ്.

സംയുക്ത പ്രോജക്ടുകളുടെ നിർവ്വഹണം സംബന്ധിച്ച 23.01.2017-ലെ സ.ഉ(അ)7/2017/ധന. പ്രകാരം നിർവ്വഹണം നടത്തുന്ന തദ്ദേശ സ്ഥാപനത്തിന്റെ സെക്രട്ടറി മാർച്ച് 31-ന് സംയുക്ത പ്രോജക്ടിന്റെ തുക നിക്ഷേപിക്കുന്ന സ്പെഷൽ ടി.എസ്.ബി. അക്കൗണ്ടിലെ ചെലവുകൾ ട്രഷറിയിലെ തുകകളുമായി പൊരുത്തപ്പെടുത്തേണ്ടതും അൺ ക്യാഷ്ഡ് ചെക്കുകൾ പ്രകാരം നല്കേണ്ട തുക കഴിച്ചുള്ള മേൽ തീയതിയിലെ നീക്കിയിരിപ്പ് സർക്കാരിലേക്ക് സറണ്ടർ ചെയ്യേണ്ടതുമാണ്. കൂടാതെ, 03.07.2018-ലെ സ.ഉ(അ)100/2018/ധന., 24.01.2019-ലെ സ.ഉ(അ)7/2019/ധന. ഉത്തരവുകൾ പ്രകാരം സംയുക്ത പ്രോജക്ടുകൾക്ക് ഫണ്ട് കൈമാറുന്ന രീതി നിർത്തലാക്കുകയും പകരം 01.04.2019 മുതൽ അലോട്ട്മെന്റ് രീതി അവലംബിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ, മേൽ നിർദ്ദേശങ്ങൾ പാലിക്കാതെ ജില്ലാ

പഞ്ചായത്തിൽ നിന്നും ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ച തുകകൾ ഗ്രാമ പഞ്ചായത്തിന്റെ അക്കൗണ്ടിൽ നിക്ഷേപിച്ചിരിക്കുകയാണ്. വിനിയോഗിക്കാത്ത തുക അടിയന്തിരമായി സർക്കാരിലേയ്ക്ക് (സഞ്ചിത നിധി) തിരികെ ഒടുക്കേണ്ടതാണ്.

**1-12 വസ്തു നികുതി - നിർണ്ണയിച്ച് ഈടാക്കിയതിൽ കുറവ്**

ലൈസൻസ് അപേക്ഷകർ തങ്ങളുടെ അപേക്ഷകളിൽ രേഖപ്പെടുത്തിയിരിക്കുന്ന കെട്ടിട നമ്പർ, സഞ്ചയയിലെ വസ്തു നികുതി നിർണ്ണയ കണക്കുകളുമായി ചേർത്ത് പരിശോധിച്ചപ്പോൾ യഥാർത്ഥത്തിൽ ഡിമാന്റ് ചെയ്യേണ്ട നികുതി നിരക്കിനേക്കാൾ കുറഞ്ഞ നിരക്കാണ് ഡിമാന്റ് ചെയ്തിരിക്കുന്നത് എന്ന് കാണുന്നു. ലൈസൻസ് രജിസ്റ്റർ പ്രകാരം ആകെ 111 ലൈസൻസുകളാണ് നൽകിയിരിക്കുന്നത്. ആയതിൽ കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയിച്ചതിൽ താഴെപ്പറയും പ്രകാരം കുറവ് സംഭവിച്ചിട്ടുണ്ട്. ആയത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നൽകിയതിന് (നം.18/ തീ.22.09.2021) അപാകത പരിഹരിച്ച് നികുതി പുനർ നിർണ്ണയിച്ച് ഈടാക്കുന്നതാണെന്ന് മറുപടി ലഭ്യമായി.

| ക്രമ നം | രജിസ്റ്റർ പ്രകാരം ക്രമ നം. | ലൈസൻസിയുടെ/ കെട്ടിട ഉടമയുടെ പേര് | വാർഡ്/ നം | ഉപയോഗ ക്രമം | വിസ്തീർണ്ണം, ച.മീ | നിർണ്ണയിച്ച നിരക്ക് ₹ | സഞ്ചയ പ്രകാരം നിർണയിച്ച് ഈടാക്കിയ നികുതി (ലൈബ്രറി സെസ്സ് ഉൾപ്പെടെ ₹ | നിർണ്ണയിക്കേണ്ട നിരക്ക് ₹ | നികുതി | ഇളവ് | വർദ്ധനവ് | ലൈബ്രറി സെസ്സ് | ഈടാക്കേണ്ട നികുതി ₹ | കുറവ് ₹ |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| A | B | C | D | E | F | G | H | I | J (F*I) | K | L | M | N (J-K+L+M) | O |
| 1 | 98 | മോളി സൈമൺ/ സൈമൺ ജോൺ | 5/12 | റിസോർട്ട് | 66 | 50 | 2626 | 80 | 5280 | 30% 1584 | 0% 0 | 185 | 3881 | 1255 |
| 2 | | | 5/13 | റിസോർട്ട് | 296 | 50 | 10335 | 80 | 23680 | 30% 7104 | 0% 0 | 829 | 17405 | 7070 |
| 3 | | | V/14, | റിസോർട്ട് | 140 | 50 | 5145 | 80 | 11200 | 30% 3360 | 0% 0 | 392 | 8232 | 3087 |
| 4 | | | V/15, | റിസോർട്ട് | 232 | 50 | 8526 | 80 | 18560 | 30% 5568 | 0% 0 | 650 | 13642 | 5116 |
| 5 | | | V/16 | റിസോർട്ട് | 160 | 50 | 5880 | 80 | 12800 | 30% 3840 | 0% 0 | 448 | 9408 | 3528 |
| 6 | 53 | കെ.എസ് ആദർശ് , സെക്രട്ടറി , SCB | VII/351 | വാണിജ്യം | 70 | 5 | 315 | 30 | 2100 | 20% 420 | 0% 0 | 84 | 1764 | 1449 |
| 7 | 94 | പി.ജെ ജോർജ്ജ്, കൊല്ലംകരിയിൽ കരടിപ്പാറ | XII/482 | ഫോം സ്റ്റേ | 200 | 30 | 6300 | 50 | 10000 | 20% 2000 | 20% 2000 | 500 | 10500 | 4200 |
| | | | | | | | | | | | | | ആകെ | 25705 |

ടി കെട്ടിടങ്ങളുടെ ഉപയോഗ ക്രമം പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതും സഞ്ചയയിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി നികുതി പുനർ നിർണ്ണയം വരുത്തി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ്. കുറവ് വന്ന ₹25,705/- ഈടാക്കി വിശദാംശങ്ങൾ പകർപ്പ് സഹിതം പരിശോധയ്ക്ക് ഹാജരാക്കേണ്ടതാണ്.

**1-13 വാടക ഈടാക്കുവാൻ അവശേഷിക്കുന്നത് -**

താഴെ പരാമർശിക്കുന്ന വ്യക്തികളിൽ നിന്നും വാടക ഈടാക്കുവാൻ അവശേഷിക്കുന്നതായി കാണുന്നു.

| പേര് | മുറി നം. & പ്രതിമാസ വാടക | ഈടാക്കേണ്ട തുക ₹ | ഈടാക്കിയ തുക ₹ | കുറവ് ₹ |
|---|---|---|---|---|
| ശ്രീമതി ബിന്ദു, അക്ഷയ സെന്റർ, കല്ലാർ | 2/39 ₹811/- | 8110 | 5100 | 3010 |
| ശ്രീ. ആർ. വെങ്കിടേശ്വരൻ | 2/39 ₹1,103/- | 11030 | 2206 | 8824 |
| ശ്രീ പ്രമോദ് സോമൻ, പുന്നാനിക്കോട്ട് | 9/206 ₹2,315/- | 23150 | 0 | 23150 |
| ശ്രീ. ഉണ്ണി ഗുരുക്കൾ, പുനർജ്ജനി | 3/215 ₹10,600/- (10/20 മുതൽ) | 63600 | 53000 | 10600 |
| | | | **ആകെ** | **45584** |

പ്രസ്തുത വിഷയത്തിന് ഓഡിറ്റ് എൻക്വയറി (നം. 8 തീയതി : 01.09.2021) നൽകിയതിന് തുക ഈടാക്കൽ നടപടി തുടരുന്നതാണെന്നും ഈ സാമ്പത്തിക വർഷം തന്നെ മുഴുവൻ തുകയും ഈടാക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി. വാടക കൊടുക്കാത്തപക്ഷം വാടകക്കാരുടെ കരാറിന്റെ അടിസ്ഥാനത്തിൽ നിയമ നടപടികൾ സ്വീകരിക്കേണ്ടതാണ്. തുക പിഴപലിശ സഹിതം ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**1-14 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് (FTEAOS) - അപാകതകൾ**

ഗ്രാമപഞ്ചായത്തിന്റെ ലൈസൻസ് രജിസ്റ്റർ, അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ ചുവടെ ചേർത്ത പ്രകാരമുള്ള അപാകതകൾ കാണുന്നു.

**1) ലൈസൻസ് - ഭേദഗതി ചട്ടപ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല**

തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 31/10/2017-ലെ ജി.ഒ.(പി)നം.80/2017/ത.സ്വ.ഭ.വ./എസ്.ആർ.ഒ. നം. 674/2017 പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപനം കേരള പഞ്ചായത്ത് രാജ് ആക്ടിന്റെ 232, 233, 234 വകുപ്പുകളും 254 വകുപ്പും പ്രകാരം 1996-ലെ കേരളാ പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് ഭേദഗതികൾ പുറപ്പെടുവിച്ചിട്ടുണ്ട്. ടി ചട്ടങ്ങളിലെ ചട്ടം 2 പ്രകാരം "ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ ചട്ടങ്ങൾ" എന്ന് ഭേദഗതി ചെയ്തിട്ടുമുണ്ട്. കൂടാതെ ചട്ടം 10-ലെ പട്ടിക 2-ൽ ദിവസേനയുള്ള വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ വിവിധ വ്യാപാരങ്ങൾക്ക് നിശ്ചയിച്ചിട്ടുള്ളതിനെ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ് എന്നിങ്ങനെ മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ തരം തിരിച്ച് പരമാവധി ഈടാക്കാവുന്ന ഫീസ് നിശ്ചയിച്ചിട്ടുണ്ട്. ചട്ടപ്രകാരം സെക്രട്ടറി പുതിയ ഫീസ് നിരക്ക് തയ്യാറാക്കുകയും ഭരണസമിതിക്ക് സമർപ്പിക്കേണ്ടതുമുണ്ട്. പുതിയ നിരക്ക് ഭരണസമിതി ചർച്ച ചെയ്ത് പ്രസ്തുത ചട്ട ഭേദഗതി ഉത്തരവ് പ്രകാരം ഫീസ് ഈടാക്കുന്നതിനുള്ള വിജ്ഞാപനം പുറപ്പെടുവിക്കേണ്ടതുമാണ് എന്നും നിഷ്കർഷിച്ചിട്ടുണ്ട്. ലൈസൻസ് ചട്ടങ്ങളിൽ വന്ന ഭേദഗതി പ്രകാരം ലൈസൻസ് ഫീസ് ഇനത്തിൽ ഈടാക്കാവുന്ന പരമാവധി തുക ₹4,000/- നിന്നും ₹15,000/-യായി വർദ്ധിപ്പിച്ചിട്ടുണ്ട്.

**A)** ലൈസൻസ് ചട്ടങ്ങളിൽ വന്ന ഭേദഗതി പ്രകാരം ഫീസ് പിരിക്കുന്നതിന് സ്ഥാപനങ്ങളെ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ്ജ് എന്നിങ്ങനെ തരം തിരിച്ചിട്ടില്ല

**B)** പുതുക്കിയ ചട്ടങ്ങൾ പ്രകാരം സ്ഥാപനത്തിന്റെ മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലാണ് ഫീസ് ഈടാക്കേണ്ടതെങ്കിലും തൻ വർഷം വിറ്റുവരവിന് ആനുപാതികമായാണ് ഫീസ് ഈടാക്കിയിരിക്കുന്നത്. അപേക്ഷയിൽ മൂലധന നിക്ഷേപം സംബന്ധിച്ച വിവരം രേഖപ്പെടുത്തുന്നില്ല. പകരം ദൈനംദിന വിറ്റുവരവ് തന്നെയാണ് ചേർക്കുന്നത്.

## 2) <u>ലോഡ്ജിംഗ് ഹൗസ് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല</u>

FTEAOS ലൈസൻസ് ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ പഞ്ചായത്തിൽ റിസോർട്ടുകൾ, ഹോട്ടലുകൾ, ഹോംസ്റ്റേകൾ, ലോഡ്ജുകൾ തുടങ്ങിയ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതായി കണ്ടെത്തി. 1955-ലെ തിരുവിതാംകൂർ കൊച്ചി പൊതുജനാരോഗ്യ നിയമത്തിലെ വകുപ്പ് 108-ൽ, ലോഡ്ജിംഗ് ഹൗസുകളുടെ വിശദാംശങ്ങളടങ്ങിയ രജിസ്റ്റർ പരിപാലിക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ടെങ്കിലും പഞ്ചായത്തിൽ അപ്രകാരമുള്ള രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. രജിസ്റ്റർ എഴുതി പരിപാലിച്ച് വിവരം അറിയിക്കേണ്ടതാണ്.

## <u>3. സ്ഥാപനങ്ങളുടെ വിശദാംശങ്ങളടങ്ങിയ ട്രേഡേഴ്സ് ലിസ്റ്റ്/ രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിക്കുന്നില്ല</u>

ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന വാണിജ്യ-വ്യാപാര സ്ഥാപനങ്ങളുടെ ലിസ്റ്റ് സൂക്ഷിച്ചിട്ടില്ല. തൻവർഷം 111 സ്ഥാപനങ്ങൾക്ക് ലൈസൻസ് ഇഷ്യൂ ചെയ്തിട്ടുണ്ട്. ലൈസൻസ് എടുക്കുന്നതിന് ബാദ്ധ്യസ്ഥരായ എല്ലാ സ്ഥാപനങ്ങളെയും ഉൾപ്പെടുത്തി ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി, അവ നിയമപരമായ നടപടിക്രമങ്ങൾ പൂർത്തീകരിച്ചാണ് പ്രവർത്തിക്കുന്നതെന്ന് ഉറപ്പാക്കേണ്ടതാണ്.

ലൈസൻസ് ഭേദഗതി ചട്ടങ്ങൾ പ്രകാരമുള്ള നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

**<u>1-15 മൊബൈൽ ടവർ - നികുതി അടവാക്കിയിട്ടില്ല.</u>**

ഗ്രാമ പഞ്ചായത്തിൽ BSNL, AIRTEL VODAFONE എന്നീ കമ്പനികളുടെ ഓരോ ടവറുകളാണുള്ളത്. നികുതിയിനത്തിൽ BSNL കമ്പനി തൻവർഷം ₹2,315/- യുടെ കുടിശിക വരുത്തിയിട്ടുണ്ട്.

| കമ്പനി | പ്രതിവർഷ ഡിമാന്റ് ₹ | തൻവർഷ കുടിശിക ₹ |
|---|---|---|
| BSNL | 2315 | 2315 |

BSNL കമ്പനി വാടക അടവാക്കാത്തത് തികച്ചും നിരുത്തരവാദമായ പ്രവർത്തിയാണ്. കർശന നിയമ നടപടികളിലൂടെ കുടിശിക തുക പിഴ പലിശ സഹിതം ഈടാക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

**<u>1-16 ഇ-ടെണ്ടർ ചെയ്തിട്ടുള്ള മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫോം വില ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും ഗ്രാമ പഞ്ചായത്തിൻറെ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തതിന്റെ വിവരം ലഭ്യമല്ല</u>**

അഞ്ച് ലക്ഷം രൂപയിലധികം അടങ്കലുള്ള കരാർ പ്രവൃത്തികൾ ഇ-ടെൻഡർ നടപടി ക്രമങ്ങൾ പാലിച്ചാണ് നടപ്പാക്കേണ്ടതെന്ന് ധനകാര്യ വകുപ്പിന്റെ 30.04.2015-ലെ ജി.ഒ(പി)1288/15 നമ്പർ ഉത്തരവിലൂടെ സർക്കാർ വ്യക്തമാക്കിയിരുന്നു. ഇതനുസരിച്ച് നടപ്പിലാക്കുന്ന മരാമത്ത് പ്രോജക്ടുകളുടെ ടെണ്ടർ ഫോം വിലയും നിരതദ്രവ്യവും ഓൺലൈൻ പേയ്മെന്റ് സംവിധാനത്തിലൂടെ ജില്ലാപഞ്ചായത്തിലെ മരാമത്ത് വിഭാഗം എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിലേക്കാണ് ഒടുക്കുന്നത്. ഗ്രാമപഞ്ചായത്ത് 2020-21 സാമ്പത്തിക വർഷം ഇ-ടെൻഡർ നടപടികളിലൂടെ 02 പ്രോജക്ടുകൾ നടപ്പാക്കിയിട്ടുണ്ടെങ്കിലും പ്രസ്തുത തുകകൾ (ടെൻഡർ ഫോം വില + ടെൻഡർ വിജയിയായ കരാറുകാരന്റെ മാത്രം നിരതദ്രവ്യം) ഗ്രാമപഞ്ചായത്തിന് നാളിതുവരെ കൈമാറി ലഭിച്ചിട്ടില്ല. വിവിധ കരാറുകാർ ഈയിനങ്ങളിൽ ഒടുക്കിയ തുകകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| സാമ്പത്തികവർഷം | പ്രവൃത്തികളുടെ എണ്ണം | ടെൻഡർ ഫോം വില (₹) |
|---|---|---|
| 2020-21 | 2 | 5174 |

ഗ്രാമപഞ്ചായത്തിന് അർഹതപ്പെട്ട പ്രസ്തുത തുക ലഭിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

**<u>1-17 2020-21 സാമ്പത്തിക വർഷം നടപ്പാക്കിയ പൊതുമരാമത്ത് പ്രവൃത്തികളുടെ ഫയലുകളുടെ സൂക്ഷിപ്പിലെ പൊതുന്യൂനതകൾ</u>**

1. പ്രവൃത്തികളോടൊപ്പം വെച്ചിട്ടുള്ള കരാറുകാരുമായുള്ള എഗ്രിമെന്റിൽ 2/2012-ലെ പുതുക്കിയ പൊതുമരാമത്ത് മാന്വൽ പ്രകാരമുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തി കാലോചിതമായി പരിഷ്കരിച്ചിട്ടില്ല.

2. **കാഷ്ബുക്ക് -** എല്ലാ ഇടപാടുകളും കാഷ് ബുക്കിൽ രേഖപ്പെടുത്തുകയും വർഷാവസാനം സംക്ഷിപ്തം എഴുതി ക്ലോസുചെയ്ത് സാക്ഷ്യപ്പെടുത്തുകയും ചെയ്യുന്നില്ല.

3. പദ്ധതി നിർവ്വഹണത്തിനും റോഡ് പ്രവൃത്തികൾ രൂപീകരിക്കുന്നതിനുമായി റോഡ് കണക്ടിവിറ്റി ഭൂപടവും റോഡ് കണക്ടിവിറ്റി പദ്ധതിയും തയ്യാറാക്കിയിട്ടില്ല. കൃത്യമായ കണക്ടിവിറ്റി ഇല്ലാതെ റോഡ് പ്രവൃത്തി നടപ്പിലാക്കുന്നത് പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങളെ പ്രതികൂലമായി ബാധിക്കുന്നതിന് ഇടയാക്കുന്നു.

4. പദ്ധതി മാർഗ്ഗനിർദ്ദേശ പ്രകാരം പ്രവൃത്തികളുടെ നിർവ്വഹണ സ്ഥലത്ത് ബോർഡ് സ്ഥാപിക്കുന്നതിന് എസ്റ്റിമേറ്റിൽ തുക വകയിരുത്തിയിട്ടില്ല.

5. ആസ്തി സംരക്ഷണ പദ്ധതി/വാർഷിക മെയിന്റനൻസ് പ്ലാൻ ഓരോ വർഷവും തയ്യാറാക്കി ഇതിന്റെ അടിസ്ഥാനത്തിൽ റോഡ് റോഡിതര ആസ്തികളുടെ അറ്റകുറ്റപ്പണികൾക്ക് മുൻഗണന നൽകി പ്രൊജക്ട് തയ്യാറാക്കി നിർവ്വഹിക്കുന്ന രീതി നടപ്പാക്കുന്നില്ല.

6. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

7. അസിസ്റ്റന്റ് എഞ്ചിനീയറുടെ പദ്ധതി പൂർത്തീകരണ സാക്ഷ്യപത്രം ഫയലിൽ ലഭ്യമല്ല.

**<u>1-18 റോഡ് കോൺക്രീറ്റിംഗ് സ്പെസിഫിക്കേഷൻ പ്രകാരമല്ല</u>**

പഞ്ചായത്തിൽ ഓഡിറ്റ് കാലയളവിൽ ചെയ്തിട്ടുള്ള വിവിധ റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികൾ മോർഡ് സ്പെസിഫിക്കേഷനിൽ നിഷ്കർഷിച്ചിരിക്കുന്ന വിധത്തിൽ അല്ലെന്ന് എസ്റ്റിമേറ്റുകളിൽ നിന്നും വ്യക്തമാകുന്നു. മോർഡ് സ്പെസിഫിക്കേഷനിലെ വിവിധ സ്ട്രക്ച്ചറുകളുടെ ഓപ്പൺ ഫൗണ്ടേഷൻ വിശദമാക്കുന്ന അദ്ധ്യായം 800, 1200 എന്നിവയിൽ വിശദീകരിക്കുന്നതും ഡാറ്റ ബുക്കിലെ

അദ്ധ്യായം 11-ൽ 11.4.3.1 നമ്പർ പ്രകാരം ഡാറ്റ നൽകിയതുമായ കോൺക്രീറ്റ് ഇനമാണ് റോഡ് നിർമ്മിതിക്ക് ഉപയോഗപ്പെടുത്തിയിരിക്കുന്നത്. മോർഡ് സ്പെസിഫിക്കേഷനിലെ സെക്ഷൻ 1500 മുതലാണ് പേവ്മെന്റ് കോൺക്രീറ്റിംഗ് സംബന്ധിച്ച് വിശദമാക്കുന്നത്. മോർഡ് സ്റ്റാൻഡേർഡ് ഡാറ്റ ബുക്കിലെ അദ്ധ്യായം 6-ൽ ഇതിന്റെ ഡാറ്റ നല്കിയിട്ടുണ്ട്. ഇതിൽ 6.4 നമ്പർ ഇനമാണ് കോൺക്രീറ്റിനായി ഉപയോഗപ്പെടുത്തേണ്ടത്. വിവിധ സ്ട്രക്ച്ചറുകളുടെ ഫൗണ്ടേഷൻ കോൺക്രീറ്റും പേവ്മെന്റുകൾക്കുപയോഗിക്കുന്ന കോൺക്രീറ്റും വ്യത്യസ്തമാണെന്നത് ഇവിടെ പ്രസക്തമാണ്. റോഡിനാവശ്യമായ ഇലാസ്തികത, ഷോക് അബ്സോർപ്ഷൻ സ്വഭാവം എന്നിവ മറ്റ് സ്ട്രക്ച്ചറുകളുടെ ഫൗണ്ടേഷൻ കോൺക്രീറ്റിന് ഉണ്ടാകണമെന്നില്ല. ആയതിനാൽ 11.4.3.1 ഡാറ്റ പ്രകാരമുള്ള കോൺക്രീറ്റിംഗ് റോഡ് പ്രവർത്തികൾക്ക് അനുയോജ്യമല്ലാത്തതും ആയത് അവലംബിച്ച് നിർമ്മിക്കുന്ന റോഡുകൾ പെട്ടെന്ന് തകരുവാൻ സാദ്ധ്യത ഏറെയുമാണ്.

പഞ്ചായത്തിൽ തൻവർഷം നടപ്പാക്കിയ വിവിധ കോൺക്രീറ്റ് റോഡ് പ്രവൃത്തികൾ പരിശോധിക്കുമ്പോൾ, ഒരു മീറ്റർ മാത്രം വീതിയുള്ള നടപ്പാത മുതൽ വലിയ വാഹനങ്ങൾ കടന്ന് പോകുന്ന മൂന്ന് മീറ്ററിലധികം വീതിയുള്ള റോഡിനും മേൽ വിവരിച്ച പ്രകാരമുള്ള ഒരേ കോൺക്രീറ്റ് ഐറ്റമാണ് ചെയ്തിരിക്കുന്നത്. ഇത്തരത്തിൽ ഓപ്പൺ ഫൗണ്ടേഷനുള്ള കോൺക്രീറ്റ് ഉപയോഗപ്പെടുത്തുന്നത് എന്തടിസ്ഥാനത്തിലാണെന്ന് വിശദീകരിക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.15, തീ. 16.09.2021-ന് എഞ്ചിനീയർ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത മറുപടിയിൽ ഇടുക്കി ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ നിർദ്ദേശപ്രകാരമാണ് 11.4.3.1 ഡാറ്റാ പ്രകാരമുള്ള കോൺക്രീറ്റിംഗ് ചെയ്തുവരുന്നത് എന്നറിയിച്ചു. പ്രൈസ് സോഫ്റ്റ് വെയറിൽ 75.8.1.1 ആയി ഉൾപ്പെടുത്തിയിട്ടുള്ള ഒബ്സെർവ്ഡ് ഡാറ്റാ പ്രകാരം ഈ വർഷം മുതൽ പ്രവൃത്തി നടത്തുന്നതിന് ചീഫ് എഞ്ചിനീയറുടെ നിർദ്ദേശം ലഭിച്ചിട്ടുണ്ടെന്നും അറിയിച്ചു. കാൽനട/ഇരുചക്ര വാഹന ഗതാഗതം മാത്രം സാധ്യമാകുന്ന നടപ്പാതകൾക്കും ഭാരവാഹനങ്ങൾ ഓടുന്ന വലിയ റോഡുകൾക്കും കോൺക്രീറ്റിന് ഒരേ സ്പെസിഫിക്കേഷൻ അവലംബിക്കുന്നത് ശാസ്ത്രീയമല്ല എന്ന് ഓഡിറ്റ് നിരീക്ഷിക്കുന്നു. ഇടർ വർഷങ്ങളിൽ പേവ്മെന്റിന് ബാധകമായ ഇനം ഉൾപ്പെടുത്തി മാത്രം പ്രവൃത്തികൾ നടപ്പാക്കേണ്ടതാണ്.

**1-19 കമ്പ്യൂട്ടർ വാങ്ങൽ പദ്ധതികൾ - കെൽട്രോണിൽ നിന്നും ടാക്സ് ബിൽ ഹാജരാക്കിയില്ല**

തൻവർഷം താഴെപ്പറയുന്ന നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ കമ്പ്യൂട്ടർ വാങ്ങൽ പദ്ധതി പ്രകാരം കെൽട്രോണിൽ നിന്നും വാങ്ങിയതിന് പർച്ചേസ് ബിൽ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

| ക്രമ നം. | നിർവ്വഹണ ഉദ്യോഗസ്ഥൻ | പദ്ധതി വിവരങ്ങൾ | വാങ്ങിയ സാധനങ്ങൾ | ചെലവ് വിവരങ്ങൾ |
|---|---|---|---|---|
| 1 | അസി. സെക്രട്ടറി | പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് നൽകൽ (71/21) | 1 ലാപ് ടോപ്പ് | ബിൽ നം. 2010105201270139950 2 തീ. 27.03.2021 ₹27,229/- |
| 2 | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) | കല്ലാർ പി.എച്ച്.സി.-ക്ക് കംപ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ (94/21) | ലാപ് ടോപ്പ് + (അനുബന്ധ ഉപകരണങ്ങൾ ) | 2010105200920047007 തീ. 29.07.2020 ₹40,469/- |
| 3 | - ടി- | - ടി- | പ്രിന്റർ-കം-ഫോട്ടോസ്റ്റാറ്റ് | 2010105200920047057 തീ. 25.08.2020 ₹59,409/- |
| | | | ആകെ ചെലവ് | ₹1,27,107/- |

ലഭ്യമാക്കിയ സ്റ്റോക്ക് രജിസ്റ്ററിൽ വാങ്ങിയ സാധനങ്ങളുടെ എണ്ണം മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഇൻവോയ്സ്/സ്പെസിഫിക്കേഷൻ വിശദാംശങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

മേൽ ബില്ലുകൾ പ്രകാരം കെൽട്രോണിൽ നിന്നും സാധനങ്ങൾ വാങ്ങിയതിന്റെ ബിൽ ലഭ്യമാകാത്തതിനാൽ തുകയുടെ കൃത്യത, വാറണ്ടി, സോഫ്റ്റ് വെയർ, തുടങ്ങിയ കാര്യങ്ങൾ ബോധ്യപ്പെട്ടില്ല. ഈ വാങ്ങലുകളുടെ ടാക്സ് ബില്ലിന്റെ അഭാവത്തിൽ ₹1,27,107/-ന്റെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-20 വൗച്ചറുകൾ തയ്യാറാക്കാതെ ചെക്കുകൾ മാറി തുകകൾ ചെലവഴിച്ചത് - ₹1,27,107/- ചട്ടവിരുദ്ധം**

2020-2021 വർഷത്തെ 8/20, 9/20 എന്നീ മാസങ്ങളിലെ വൗച്ചറുകൾ തയ്യാറാക്കാതെ ചെക്കുകൾ മാറി തുകകൾ ചെലവഴിച്ചിട്ടുള്ളതായി കാണുന്നു. ഇങ്ങനെ നടത്തിയിട്ടുള്ള ചെലവുകൾ 2011-ലെ കേരളാ പഞ്ചായത്ത് രാജ് ചട്ടങ്ങൾക്ക് വിരുദ്ധമാണ്. വൗച്ചറുകൾ തയ്യാറാക്കി തുകകൾ ചെലവഴിക്കുവാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

**1-21 ആശ്രയ പദ്ധതി - തുക ചെലവഴിക്കാത്തത്**

അഗതിരഹിത കേരളം പദ്ധതിയുടെ നടത്തിപ്പിനായി ആശ്രയ (70/20) പദ്ധതിയിൽ ഉൾപ്പെടുത്തി Bill No.20101052012700129947 9/19.03.2021 പ്രകാരം ₹7,00,000/- കടുംബശ്രീ മെമ്പർ സെക്രട്ടറിക്ക് നൽകിയിട്ടുണ്ട്. എന്നാൽ തുക ചെലവഴിച്ചതിന്റെ രേഖകൾ ഫയലിലില്ല. ആശ്രയ ഗുണഭോക്താക്കൾക്ക് അനുവദിക്കുന്ന തുക യഥാസമയം ഗുണഭോക്താക്കളിലെത്തിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

**1-22 പി.എച്ച്.സി.-ക്ക് മരുന്ന് വാങ്ങൽ - മരുന്നുകൾ ലഭ്യമായില്ല**

കല്ലാർ പി.എച്ച്.സി.-ക്ക് മരുന്ന് വാങ്ങൽ (89/21) എന്ന പദ്ധതി പ്രകാരം മരുന്നുകൾ ലഭിക്കുന്നതിന് Bill No.20101052009201083272/13.02.2021, ₹3,00,000/- പിൻവലിച്ച് കേരള മെഡിക്കൽ കോർപ്പറേഷന് നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെയായി മരുന്നുകൾ ലഭിച്ചിട്ടില്ല. മരുന്നുകൾ താമസംവിനാ ലഭ്യമാകാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-23 ഹോമിയോ മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല - തടസ്സം - ₹1,50,000/-**

| | |
|---|---|
| പദ്ധതിയുടെ പേര്/നം. | ഹോമിയോ ഡിസ്പെൻസറിയിലേയ്ക്ക് മരുന്ന് വാങ്ങൽ 95/2020-21 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, ഹോമിയോ |
| അടങ്കൽ തുക | ₹3,00,000/- റോഡിതരം |
| ബിൽ നം./തുക/തീയതി | 12106/2020-21, ₹3,00,000/- തീ. 29.01.2021 |

മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ ഹോമിയോ ഡിസ്പെൻസറിയിലേയ്ക്ക് മരുന്ന് വാങ്ങൽ എന്ന പദ്ധതിക്ക് പ്രകാരം ₹3,00,000/- കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡ് നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെ ₹1,50,000/-യുടെ മരുന്നുകൾ മാത്രമാണ് ലഭ്യമായിട്ടുള്ളത്. ₹1,50,000/-യുടെ മരുന്നുകൾ ലഭ്യമായതിന്റെ വിവരങ്ങൾ സ്റ്റോക്കിലെടുത്തതിന്റെ വിവരം അറിയിക്കേണ്ടതാണ്. ലഭ്യമാക്കാൻ അവശേഷിക്കുന്ന മരുന്നുകളുടെ വിലയായ ₹1,50,000/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**1-24 എച്ച്.എം.സി . - വാർഷിക കണക്കുകൾ ഓഡിറ്റിന് ഹാജരാക്കിയില്ല**

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 166(1) പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിലെ സർക്കാർ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ നടത്തിപ്പ് ചുമതല ഗ്രാമപഞ്ചായത്തിന്റെ മേഖലാടിസ്ഥാനത്തിലുള്ള ചുമതലകളിൽപെട്ടതാണ്. വകുപ്പ് 173(എ), 2010-ലെ കേരള പഞ്ചായത്ത് രാജ് (പൊതു ജനാരോഗ്യ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റികൾ) ചട്ടങ്ങളിലെ, ചട്ടം 3(1) പ്രകാരം കൈമാറിയിട്ടുള്ള പൊതു ആരോഗ്യ സ്ഥാപനങ്ങളിൽ ചെയർപേഴ്സൺ, വൈസ് ചെയർപേഴ്സൺ, മെമ്പർ സെക്രട്ടറി എന്നിവർ ഉൾപ്പടെ 15 അംഗങ്ങളിൽ കൂടാതെയുള്ള ഒരു മാനേജിംഗ് കമ്മിറ്റി നിർണ്ണയിക്കപ്പെട്ട പ്രകാരം രൂപീകരിക്കേണ്ടതാണ്.

ചട്ടം 9(1) പ്രകാരം പൊതുജനാരോഗ്യ സ്ഥാപനത്തെ സംബന്ധിച്ച ആശുപത്രി വികസന ഫണ്ട് ഓഡിറ്റ് നടത്തേണ്ടത് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പാണ്. 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 9(1) പ്രകാരം ഒരു സാമ്പത്തിക വർഷം അവസാനിച്ച ശേഷം 4 മാസത്തിനകം വാർഷിക കണക്കുകൾ ഓഡിറ്റിനായി സമർപ്പിക്കേണ്ടതാണ് (ജൂലായ് 31-നകം). എന്നാൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന കൈമാറിയിട്ടുള്ള ആശുപത്രികളിൽ (അലോപ്പതി, ഹോമിയോ, ആയുർവ്വേദം) മാനേജിംഗ് കമ്മിറ്റികൾ വാർഷിക കണക്കുകൾ ഓഡിറ്റിൽ പരിശോധനയ്ക്കായി സമർപ്പിച്ചിട്ടില്ല. പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 182(Xv) പ്രകാരം പഞ്ചായത്തിന്റെ നിയന്ത്രണത്തിന് കീഴിലുള്ള സ്ഥാപനങ്ങളുടെ അക്കൗണ്ടുകൾ പരിശോധിക്കുകയോ, പരിശോധിപ്പിക്കുകയോ ചെയ്യേണ്ടത് സെക്രട്ടറിയുടെ ചുമതലയാണ്. മേൽ വിഷയത്തിൽ ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. എച്ച്.എം.സി. വാർഷിക കണക്കുകൾ ഓഡിറ്റ് പരിശോധനക്കായി സമർപ്പിക്കുവാനാവശ്യമായ നിർദ്ദേശം നൽകേണ്ടതാണ്.

**<u>1-25 ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ല</u>**

2003-ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം പ്രകൃതിക്ഷോഭം, അത്യാഹിതം, മാറാരോഗങ്ങൾ, പേമാരി, വെള്ളപ്പൊക്കം, അഗ്നിബാധ, കൊടുങ്കാറ്റ്, കടലാക്രമണം എന്നിവ മൂലം ദുരിതമനുഭവിക്കുന്ന പഞ്ചായത്തു നിവാസികളുടെ ദുരിതനിവാരണാർത്ഥം അടിയന്തിര ധനസഹായം നല്കുന്നതിനുദ്ദേശിച്ച് വേറിട്ട് രൂപീകരിക്കുന്ന ഒരു അക്കൗണ്ടാണ് ദുരിതാശ്വാസ നിധി. എന്നാൽ നാളിതുവരെയും ഗ്രാമപഞ്ചായത്തിൽ ദുരിതാശ്വസനിധി രൂപീകരിച്ചിട്ടില്ല. പ്രസ്തുത ഉദ്ദേശ്യം മുൻ നിർത്തി ചട്ടം 3(2) പ്രകാരം കായിക-വിനോദ പരിപാടികൾ സംഘടിപ്പിച്ച് സംഭാവനകൾ സ്വീകരിച്ച് അക്കൗണ്ട് രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

**<u>1-26 തെരുവ് വിളക്കുകളുടെ പരിപാലനം - സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല</u>**

ഗ്രാമപഞ്ചായത്തിലെ തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജായി 2020-21-ൽ എല്ലാ മാസവും ₹17,190/- വീതം കേരള സംസ്ഥാന വിദ്യുത്ച്ഛക്തി ബോർഡിൽ ഒടുക്കിയിട്ടുണ്ട്. പഞ്ചായത്ത് ഡയറക്ടറുടെ 17.08.2015-ലെ ജി.2-44274/2015 ഉത്തരവ് പ്രകാരം തെരുവ് വിളക്കുകൾ വാങ്ങുമ്പോൾ രേഖപ്പെടുത്തുന്നതിന് സ്റ്റോക്ക് രജിസ്റ്റർ, കേടായ സാധനങ്ങൾ രേഖപ്പെടുത്തുന്നതിന് രജിസ്റ്റർ ഓഫ് അൺ സർവ്വീസബിൾ ഐറ്റംസ്, അറ്റകുറ്റപ്പണികൾ നടത്തുന്നതിന് മെയിന്റനൻസ് രജിസ്റ്റർ എന്നിവ പരിപാലിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. വാർഡ് മെമ്പർ ചെയർമാനായി മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കണമെന്നും കമ്മിറ്റി മൂന്ന് മാസത്തിലൊരിക്കൽ യോഗം ചേർന്ന് തെരുവ് വിളക്കുകളുടെ പ്രവർത്തനം അവലോകനം ചെയ്യേണ്ടതും ആവശ്യമായ നിർദേശങ്ങൾ നൽകേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. സർക്കുലർ നം.60/2018/ധന./തീ. 02-07-2018 പ്രകാരം വാറണ്ടി കാലാവധി പൂർത്തിയാകുന്ന മുറയ്ക്ക് ലൈറ്റുകളുടെ പരിപാലനത്തിനും അറ്റ കുറ്റപ്പണിക്കും വേണ്ടി വരുന്ന ചെലവ് ബന്ധപ്പെട്ട തദ്ദേശ സ്ഥാപനം വഹിക്കേണ്ടതും ആയതിനായി അക്രഡിറ്റഡ് ഏജൻസിയുമായി കരാറിൽ ഏർപ്പെടേണ്ടതുമാണ്.

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 07.07.2010-ലെ 43472/ഡി.സി.-3 സർക്കുലർ പ്രകാരം ഓരോ മീറ്ററിംഗ് പോയിന്റിനും പ്രത്യേക കൺസ്യൂമർ നമ്പർ നൽകണമെന്നും നിർദേശിച്ചിട്ടുണ്ട്. എന്നാൽ, ഗ്രാമപഞ്ചായത്തിൽ തെരുവ് വിളക്കുകളുടെ എണ്ണം, തരം എന്നിവ സംബന്ധിച്ച കൃത്യമായ വിവരം സൂക്ഷിച്ചിട്ടില്ല. കൂടാതെ, സർക്കാർ നിർദേശങ്ങൾ പ്രകാരം കെ.എസ്.ഇ.ബി യുമായി ചേർന്ന് തെരുവ് വിളക്കുകളുടെ എണ്ണം തിട്ടപ്പെടുത്തുന്നതിന് സംയുക്ത പരിശോധന നടത്തിയിട്ടില്ല. നിലവിലുള്ള തെരുവ് വിളക്കുകളുടെ എണ്ണം, അവയിൽ പ്രവർത്തിക്കാത്തവ എന്നിവ സംബന്ധിച്ച് സംയുക്ത പരിശോധന നടത്തി വൈദ്യുതി ബോർഡ് വിവരം ശേഖരിക്കേണ്ടതാണ്. തെരുവ് വിളക്കുകളുടെ പരിപാലനം സംബന്ധിച്ച തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 16.09.2011-ലെ 3055/ഡി.എ.3/2011, 29.05.2018-ലെ 269/ഡി.എ.3/2018 സർക്കുലറുകളിലെ നിർദ്ദേശങ്ങളും പാലിക്കേണ്ടതാണ്.

**<u>1-27 പൊതുടാപ്പുകളുടെ വെള്ളക്കരം - അധികം ഒടുക്കിയ തുക ക്രമീകരിക്കേണ്ടതാണ്</u>**

ഗ്രാമപഞ്ചായത്തിലെ പൊതുടാപ്പുകളുടെ വെള്ളക്കരമായി പ്രതിമാസം ₹12,687/- ആണ് കേരള വാട്ടർ അതോറിറ്റിയിൽ വെള്ളക്കരമായി ഒടുക്കുന്നുണ്ട്. വാട്ടർ അതോറിറ്റിയുടെ ഡിമാന്റ് നോട്ടീസ് പ്രകാരം 29 പൊതുടാപ്പുകൾക്കാണ് വെള്ളക്കരം ഒടുക്കുന്നത്. 23.06.2006-ലെ സർക്കാർ ഉത്തരവ് (സാധാ)/1501/2006/തസ്വഭവ, 28.09.2011-ലെ സർക്കാർ ഉത്തരവ് (സാധാ)2242/തസ്വഭവ. എന്നിവ പ്രകാരം വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി പ്രവർത്തിക്കുന്ന പൊതുടാപ്പുകൾക്ക് മാത്രം വെള്ളക്കരം ഡിമാന്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് നിർദേശിച്ചിട്ടുണ്ട്. ആയതിൻ പ്രകാരം 04.02.2021 ഗ്രാമപഞ്ചായത്ത് വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തുന്നതിനായി കത്ത് നൽകുകയും 25.02.2021-ൽ സർക്കാർ നിർദ്ദേശം പാലിച്ച് പൊതുടാപ്പുകളുടെ നിലവിലെ അവസ്ഥ സംബന്ധിച്ച് സംയുക്ത പരിശോധന നടത്തുകയും നിലവിൽ പ്രവർത്തിക്കുന്നത് 5 എണ്ണം മാത്രാണെന്ന് ബോധ്യപ്പെടുകയും ചെയ്തിട്ടുള്ളതാണ്. വെള്ളക്കരം ഇനത്തിൽ അധികമായി തുക ഒടുക്കിയിട്ടുണ്ടെങ്കിൽ ആയത് കണക്കാക്കി ക്രമീകരിക്കേണ്ടതാണ്.

**<u>1-28 കൊറോണ പ്രതിരോധ പ്രവർത്തനങ്ങൾ</u>**

ജി.ഒ.(ആർ.റ്റി.)നം.686/2020/എൽ.എസ്.ജി.ഡി.(ഡി.സി)തീയതി 20.03.2020 ഉത്തരവിന്റെ അടിസ്ഥാനത്തിൽ സെക്രട്ടറിയുടെ 30.03.2020-ലെ എ-110/2020 നമ്പർ നടപടി ക്രമങ്ങൾ പ്രകാരം കോവിഡ്-19-മായി ബന്ധപ്പെട്ട് പഞ്ചായത്തുതല സ്ഥിതി വിവരങ്ങൾ ക്രോഡീകരിക്കുന്നതിനും റിപ്പോർട്ട് നൽകുന്നതിനുമായി 4 ടീമുകളായി വാർ റൂം രൂപീകരിച്ചിട്ടുണ്ട്. കൂടാതെ പഞ്ചായത്ത് ഭരണ സമിതിയുടെ 14/05/2020-ലെ 7(1) നമ്പർ തീരുമാന പ്രകാരം കോവിഡ് ജാഗ്രതാ മോണിട്ടറിംഗ് സമിതി രൂപീകരിച്ചിട്ടുണ്ട്. യൂത്ത് വോളണ്ടിയർമാർക്ക് പരിശീലനം നൽകി നിയമിച്ചിട്ടില്ല. റാപ്പിഡ് റെസ്പോൺസ് ടീം മുഖേനയാണ് കോവിഡ് പ്രതിരോധ പ്രവർത്തനം നടത്തിയിട്ടുള്ളത്. പ്രത്യേക പരിഗണന നൽകേണ്ടവരുടെ സുരക്ഷയും കരുതലിനുമായി ഹെൽപ്പ് ഡെസ്ക് രൂപീകരിച്ചിട്ടുണ്ട്. ഇതിനായി തനത് ഫണ്ടിൽ നിന്നും ₹3,450/-യും ഇന്ധന ചാർജ് ഇനത്തിൽ ₹66,545/-യും അനുവദിച്ചിട്ടുണ്ട്. മരുന്ന് വാങ്ങൽ എന്ന പ്രോജക്റ്റ് നടപ്പിലാക്കിയിട്ടുണ്ട്. മോണിട്ടറിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പ്രവർത്തനം തൃപ്തികരമാണ്. ഫസ്റ്റ് ബെൽ പഠന കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ട്. ലൈബ്രറികൾ മുഖേന പഠന കേന്ദ്രങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. തരിശുഭൂമി കൃഷി പ്രോത്സാഹിപ്പിക്കുവാൻ കൃഷി ഓഫീസർ മുഖേന പദ്ധതികൾ ഏറ്റെടുത്തിട്ടുണ്ട്.

എഫ്.എൽ.റ്റി.സി.-കൾ ആരംഭിച്ചിരുന്നുവെങ്കിലും രോഗികളെ അഡ്മിറ്റ് ചെയ്തിട്ടില്ല. കമ്മ്യൂണിറ്റി കിച്ചൻ പ്രവർത്തിച്ച ഇനത്തിൽ ₹36,704/- ചെലവഴിച്ചിട്ടുണ്ട്. കോവിഡ്-19 പ്രതിരോധ പ്രവർത്തനങ്ങൾക്ക് തൻവർഷം സംഭാവന ലഭിച്ചിട്ടില്ല. പൾസ് ഓക്സി മീറ്റർ മെഡിക്കൽ ഓഫീസർ പി.എച്ച്.സി. നേരിട്ട് വാങ്ങുകയാണ് ചെയ്തിട്ടുള്ളത്. പ്രതിരോധ പ്രവർത്തനങ്ങൾക്കായി വാഹന വാടക, മരുന്ന് വാങ്ങൽ, സ്റ്റേഷനറി എന്നിവയ്ക്കായി ₹2,84,564/- ചെലവഴിച്ചിട്ടുണ്ട്. ഓൺലൈനായി നിയമ പ്രകാരമുള്ള ഇടവേളകളിൽ കമ്മിറ്റികൾ കൂടിയിട്ടുണ്ട്. പന്ത്രണ്ടിന പരിപാടിയിൽ 2-ാം മൈലിൽ ടേക്ക്-എ-ബ്രേക്ക് എന്ന പേരിൽ പദ്ധതി പൂർത്തീകരിച്ചു. കരടിപ്പാറ, കല്ലാർ എന്നീ സ്ഥലങ്ങളിൽ പുതിയ പദ്ധതികൾ ഏറ്റെടുത്തിട്ടുണ്ട്. 2019-2020 വർഷം സി.എഫ്.എൽ.ടി.സി.-യുടെ പ്രവർത്തനത്തിനായി ജില്ലാ കളക്ടറേറ്റിൽ നിന്നും ₹5,00,000/- ഗ്രാന്റ് ആയി ലഭിച്ചതിൽ ₹1,28,164/- 2020-21 വർഷം ചെലവഴിച്ചിട്ടുണ്ട്. അവശേഷിക്കുന്ന തുക ₹3,71,836/- തുടർന്നുള്ള മാസങ്ങളിൽ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി ചെലവഴിച്ചിട്ടുള്ളതാണ്.

2020-2021 വർഷം കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി കമ്മ്യൂണിറ്റി കിച്ചൻ, കോവിഡ് രോഗികളെ മാറ്റി പാർപ്പിക്കുന്നതുമായി ബന്ധപ്പെട്ട് വാഹന വാടക, മാസ്ക്, ഫേസ് ഷീൽഡ്, സാനിറ്റൈസർ മുതലായ പ്രതിരോധ ഉപകരണങ്ങൾ വാങ്ങൽ കോവിഡ് ജാഗ്രതാ നിർദ്ദേശം നൽകുന്നതിലേക്ക് മൈക്ക് അനൗൺസ്മെന്റ്, ഡി.സി.സി.-കളിലെ താമസക്കാർക്കും വോളന്റിയർമാർക്കും ഭക്ഷണം നൽകൽ എന്നീ പ്രവർത്തനങ്ങൾക്കും മറ്റുമായി ₹7,97,686/- ചെലവഴിച്ചിട്ടുള്ളതാണ്.

**<u>ഭാഗം -2</u>**

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2020-2021 | ഓഡിറ്റിനോടൊപ്പം പരിശോധിച്ചു | .. |

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക ₹ | പ്രൊജക്ടിന്റെ പേര് | ചെലവ് ₹ | ബാലൻസ് ₹ |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2020-2021 | 251000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് നൽകൽ | 251000 | 0 |

### 4-3 നിക്ഷേപ പ്രവർത്തികൾ

- ഇല്ല --

### 4-4 മൊബിലൈസേഷൻ അഡ്വാൻസ്

- ഇല്ല -

### 4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പയിനത്തിൽ വരവില്ല. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | തൻ വർഷം വായ്പ തുക ₹ | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കി ഉണ്ടായിരുന്ന തുക ₹ | തൻ വർഷം തിരിച്ചടച്ച മുതൽ ₹ | തൻ വർഷം തിരിച്ചടച്ച പലിശ ₹ | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക ₹ |
|---|---|---|---|---|---|---|
| ലൈഫ് ഭവന നിർമ്മാണ പദ്ധതി | സ.ഉ.(എം.എസ്.) 2278/തസ്വഭവ/ തീ.18.08.2018 | 0 | 17499118 | 1390234 | 0 | 16108884 |
| ജവഹർ ഭവന പദ്ധതി | സ.ഉ.നം.1577/15/ എൽ.എസ്.ജി.ഡി തീ. 27.05.2015 | 0 | 3798352 | 792166 | 207834 | 3006186 |

### 4-6 സ്ഥിര നിക്ഷേപം

-- ഇല്ല -

### 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച ₹1,45,560/-യുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക ₹ | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നം./ ഡി.ഡി. നം./ തീയതി |
|---|---|---|---|---|
| 2018-19 | 2-1 | 104895 | മാത്യു കരുവിള | 120090900310/29.03.2020 |
| 2018-19 | 2-1 | 9450 | അബ്ദുൾ ഷുക്കൂർ | 120050100501/08.07.2020/ |
| 2018-19 | 2-1 | 31215 | ജി. പ്രഭാകരൻ കമ്മത്ത് | 120050500049/27.10.2020 |

### 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക നം. | സമാഹൃത റിപ്പോർട്ട് | ഖണ്ഡിക നം. | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|---|---|

| | | വർഷം | | | |
|---|---|---|---|---|---|
| 1997-98 | - | 1999-00 | - | ഉപാധിരഹിത ഫണ്ട് ഉപയോഗിച്ചുള്ള പൊതുമരാമത്ത് പ്രവൃത്തികൾ ക്രമരഹിതമായി പണം ചെലവഴിച്ചു | ബഹു. സമിതിയുടെ പരിഗണനയിൽ |
| 2006-07 | 2-7 | 2009-10 | 2-6 | വിവിധ ഷോപ്പിംഗ് കോംപ്ലക്സുകൾ മുദ്രപ്പത്രയിനത്തിലെ നഷ്ടം – ₹9,161/- | ബഹു. സമിതിയുടെ പരിഗണനയിൽ |
| 2006-07 | 3-11 | 2009-10 | 2-8 | വൈദ്യുതിലൈൻ ദീർഘിപ്പിക്കൽ – ₹7,57,450/- | ബഹു. സമിതിയുടെ പരിഗണനയിൽ |
| സ്പെഷ്യൽ ഓഡിറ്റ് | | 2015-16 | 5.1.1മുതൽ 5.1.5 വരെ | കെട്ടിട നിർമ്മാണ പെർമിറ്റ് പോരായ്മകൾ | ബഹു. സമിതിയുടെ പരിഗണനയിൽ |
| 2016-17 | | 2017-18 | 1.6.1 | തെറ്റായ പൂർത്തീകരണ പ്ലാൻ അടിസ്ഥാനപ്പെടുത്തി കെട്ടിട നമ്പർ അനുവദിച്ച് വസ്തുനികുതി നിർണയിച്ചു | ബഹു.സമിതിയുടെ പരിഗണനയിൽ |

**4-9 ചാർജ്/സർചാർജ് സർട്ടിഫിക്കറ്റ് വിവരങ്ങൾ**

**എ) ചാർജ് സർട്ടിഫിക്കറ്റ് വിവരങ്ങൾ**

| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്/ ഔദ്യോഗിക സ്ഥാനം/ ഭരണവകുപ്പ് | ചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നം./ തീയതി) | ചാർജ്/ സർ ചാർജ് പ്രകാരമുള്ള തുക യഥാസമയം സ്ഥാപനത്തിന്റെ ഡിമാന്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക, തീയതി | കോടതി വ്യവഹാരങ്ങളിൽ/ | | ആകെ ലഭിച്ച തുക ₹ | അവശേഷിക്കുന്ന തുക/ ബാധ്യത ₹ | റിമാർക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നം./ തീയതി | തുക ₹ | | | | ഉൾപ്പെട്ട തുക ₹ | ഈടാക്കിയ തുക ₹ | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 |
| 1 | 1996-97 | 30 (A) & 32 | കെ.വി. ആന്റണി ജെ.എസ്. ദേവികുളം ബ്ലോക്ക് പഞ്ചായത്ത് | എൽ.എഫ്.603/ സ്പെ.സെൽ എസ്.സി.2/ 2000, 25.01.2002 | 4995 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 4995 | |
| 2 | 2000-01 | 26 | കെ.എം. ഷാജി മോഹനൻ സെക്രട്ടറി | എൽ.എഫ്.2721/ സ്പെ.സെൽ എസ്.സി.2/ 2004, 23.12.04/ 14.01.05 | 42600 | ഇല്ല | | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 42600 | |

**ബി) സർചാർജ് സർട്ടിഫിക്കറ്റ് വിവരങ്ങൾ**

| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്/ ഔദ്യോഗിക സ്ഥാനം/ ഭരണവകുപ്പ് | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നം./ തീയതി) | ചാർജ്/ സർ ചാർജ് പ്രകാരമുള്ള തുക യഥാസമയം സ്ഥാപനത്തിന്റെ ഡിമാന്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക, തീയതി ₹ | കോടതി വ്യവഹാരങ്ങളിൽ/ | | ആകെ ലഭിച്ച തുക ₹ | അവശേഷിക്കുന്ന തുക/ ബാധ്യത ₹ | റിമാർക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നം./ തീയതി | തുക ₹ | | | | ഉൾപ്പെട്ട തുക ₹ | ഈടാക്കിയ തുക ₹ | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 |
| 1 | 1996-97 | 33,34, 35 (1)(2), 36,37 | കെ. വി. ആന്റണി സെക്രട്ടറി | എൽ.എഫ്.603/ സ്പെ.സെൽ എസ്.സി.2/ 2000, 25.1.2002 | 4929 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 4929 | |
| 2 | 1998-99 | 30,31, 33,35 | എം. കെ. മോഹനൻ ജെ.എസ്. | എൽ.എഫ്.6876/ സ്പെ.സെൽ എസ്.സി.2/ 2002, 16.12.02 | 19332 | ഇല്ല | | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 19332 | |
| 3 | 2004-05 | 3-8 (Part) | കെ. സുധാകരൻ അസി.എക്സി. എഞ്ചിനീയർ | എൽ.എഫ്. 19649/ സ്പെ.സെൽ എസ്.സി.2/ 2007, 24.10.09 | 2688 | ഇല്ല | | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 2688 | |
| 4 | 2004-05 | 3-8 (Part) | കെ. സുധാകരൻ അസി.എക്സി. എഞ്ചിനീയർ | എൽ.എഫ്. 19649/ സ്പെ.സെൽ എസ്.സി.2/ 2007, 24.10.09 | 2688 | ഇല്ല | | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 2688 | |

**4-10 ഓഡിറ്റ് പ്രത്യവലോകനം**

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| മുന്നിരിപ്പ് | ₹41015464 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹77706612 |
| ആകെ | ₹118722076 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹91605055 |
| നീക്കിയിരിപ്പ് | ₹27117021 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹277107 |

**(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| ഇല്ല | -- | -- | -- |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക ₹ | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 1-19 | 127107 | 27229 | ശ്രീ.അനൂപ് കെ.എൻ ,<br>അസി. സെക്രട്ടറി |
| | | 99878 | ഡോ.അരവിന്ദ് പി,<br>മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) |
| 1-23 | 150000 | | ഡോ. സ്മിത മോഹൻ<br>മെഡിക്കൽ ഓഫീസർ (ഹോമിയോ) |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | തുക | സർക്കാർ |
|---|---|---|
| ഇല്ല | -- | -- |

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

| | |
|---|---|
| **ഖണ്ഡിക നമ്പർ** | ഇല്ല |

**(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. അനൂപ് കെ. എൻ ,<br>അസി. സെക്രട്ടറി | അസി. സെക്രട്ടറി<br>പള്ളിവാസൽ<br>ഗ്രാമപഞ്ചായത്ത് | കുളങ്ങരേടത്ത്<br>പഴയരിക്കണ്ടം പി.ഒ.<br>പഴയരിക്കണ്ടം<br>ഇടുക്കി |
| ഡോ. അരവിന്ദ് പി,<br>മെഡിക്കൽ ഓഫീസർ<br>(പി.എച്ച്.സി.) | മെഡിക്കൽ ഓഫീസർ<br>പി. എച്ച്. സി.<br>കല്ലാർ | കൃഷ്ണതീർത്ഥ<br>TRRA-95<br>താമരശ്ശേരി റോഡ്<br>പൂണിത്തുറ പി. ഒ.<br>കൊച്ചി |
| ഡോ. സ്മിത മോഹൻ,<br>മെഡിക്കൽ ഓഫീസർ<br>(ഹോമിയോ) | മെഡിക്കൽ ഓഫീസർ<br>(ഹോമിയോ) | ആനയുന്തിൽ<br>മുടവൂർ പി. ഒ.<br>മൂവാറ്റുപുഴ |

**4-11 തീർപ്പാക്കുവാനവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരം**

| വർഷം | ഒടുവിലത്തെ കത്തിടപാടിന്റെ നമ്പർ | അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | അവശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|---|
| | | | |

| | | | |
|---|---|---|---|
| 1996-97 | LFI-8/442/98/<br>18.11.1998 | 21 | PART -II-<br>30(A)(B)(C), 31, 32,<br>PART -III-.<br>33, 34,35, 36, 37,<br>PART -IV, 38, 39,<br>40, 41, 42,43, 44,<br>45, 46, 47, 48 |
| 1997-99 | LFI-8-15/2002/<br>02.02.2002 | 27 | PART-II<br>22, 23, 24, 25(A),(B),<br>26, 27, 28, 30, 31,<br>32, 33, 34, 35, 36,<br>37, 38, 39,40, 41, 42,<br>43, 44,45, 46, 47, 48 |
| 1998-99 | LFI-8/16/2002/<br>27.03.2002 | 17 | PART-II-19, 20, 21,<br>22,23, 24, 26, 27,28,<br>29, 30,<br>31, 32,33, 34, 35, 36, |
| 1999-00 | LFI-8/46/02/<br>05.03.2003 | 20 | PART-II-19(1), 20, 21, 2<br>KSA-IDK-2,23,24,<br>25(1)(2),(3),<br>26,27, 28, 29, 30,<br>31(1),(2),32,33,34,35, |
| 2000-01 | LFI-8/707/03/<br>08.01.2004 | | |
| 2001-02 | LFI-8/632/03/<br>10.08.2005 | 12 | PART-II<br>1, 2, 5,9,10,11, 12,<br>13,14,15, 16, 17 |
| 2002-03 | LFI-8/403/2005/<br>22.08.2006/23.01.2007 | 19 | 2.1, 2.2, 2.3, 2.4, 2.5,<br>3.1, 3.2, 3.3, 3.4, 3.5,<br>3.6,3.7, 3.8, 3.9, 3.10,<br>3.11, 3.12(A),(B), 3.13 |
| 2003-04 | LFI-7/425/07<br>20.07.2007 | 10 | 2.1, 2.2, 2.3, 2.4, 2.5,<br>2.6, 3.1, 3.2, 3.3, 3.4 |
| 2004-05 | LFI-7/810/2007<br>06.10.2017/01.11.2017 | 15 | 2.1, 2.2, 2.3, 2.4, 2.5,<br>3.1, 3.2, 3.3, 3.4, 3.5,<br>3.6, 3.7(A),(B), 3.8,<br>3.9 |
| 2005-06 | LFI-7/1081/2008<br>26.08.2009 | 10 | 2.1, 3.1, 3.2, 3.3, 3.4,<br>3.5, 3.6, 3.7, 3.8, 3.9 |
| 2006-07 | LFI-7/1112/2000<br>24.12.2000 | 24 | 2.1, 2.2(A),(B) 2.3,<br>2.4(A),(B),2.5,2.6,2.7,<br>3.1, 3.2, 3.3, 3.4, 3.5,<br>3.6, 3.7, 3.8, 3.9, 3.10,<br>3.11, 3.12, 3.13, 3.14,<br>3.15, |
| 2007-08 | LFI-11/1469/12/<br>04.05.2013 | 33 | 2.1(1)(2), 2.2, 2.3, 2.4,<br>2.5, 2.6(A,B,C,D),<br>2.7,2.11,<br>2.12 3.1, 3.2, 3.3, 3.4,<br>3.5,3.6, 3.7, .3.8, 3.9,<br>3.10, 3.11,3.12,3.13,3.14,<br>3.15,3.16, 3.17, 3.18,<br>3.19 |

| | | | |
|---|---|---|---|
| 2008-09 | LFI-11-547/11<br>20.12.2011 | 15 | 2.1, 2.2, 2.3,2.4(A)(B)<br>2.5, 3.1,3.2,3.3,3.4,3.5,<br>3.6, 3.7, 3.8, 3.9, |
| 2009-10 | LFI-11/547/2011 03.04.2013/12.04.2013 | 14 | 2.1, 2.2, 2.3, 2.4,<br>2.5, 2.6, 3.1, 3.2, 3.3,<br>3.4, 3.5, 3.6, 3.7, 3.8, |
| 2010-11 &<br>2011-12 | KSA-IDK-11/300/18<br>18.03.2018/08.03.2018 | 15 | 2.3, 2.4, 2.5(A)(B),<br>3.3, 3.5(3,5,6,7),3.6,<br>3.7,3.8,3.9,3.10,3.12 |
| 2012-13 | KSA-IDK-11/1424/17<br>1710.2017/24.10.2017 | 9 | 2.1(A),(B), 2.2, 2.3,<br>3.1, 3.3, 3.4, 3.5, 3.6 |
| 2013-14 | KSA-IDK-11/1028/15<br>08.10.2015 | 9 | 2.1, 2.2, 3.1, 3.2,<br>3.3, 3.4, 3.5,3.7,3.8 |
| 2014-15 | KSA-IDK-11/827/17<br>17.10.2017/02.11.2017 | 6 | 2.2, 2.3. 3.2,<br>3.3, 3.4, 3.5 |
| 2015-16 | KSA-IDK/11/469/2017/ 12.04.2017 | 6 | 3.2, 3.3, 3.5(1,2),<br>3.6, 3.7, |
| 2016-17 | KSA-IDK/11/1420/17/<br>13.11.2017/12.01.2018 | 10 | 2.1, 2.2, 2.3, 2.4,<br>2.5, 2.6, 2.7,<br>3.1, 3.2, 3.3, |
| 2017-18 | കെ.എസ്എ-ഐ.ഡി.കെ-<br>11/ 1374/18 /5.12.2018 | 13 | 1-10, 1-12, 2-1, 2-2,<br>3-1,3-2, 3-3, 3-4,3-5,<br>3-6,4-7, 4-8, 4-9 |
| 2018-19 | കെ.എസ്എ-<br>ഐ.ഡി.കെ-11/1086/2019/07.03.2020 | 20 | 1-11, 1-12, 1-13, 1-14, 1-<br>15,<br>1-16, 1-17, 1-18, 1-19, 1-<br>20,<br>1-22, 1-23, 1-24, 2-1,<br>3-1, 4-8, 4-9, 4-10, 4-<br>11 |

**ഡെപ്യൂട്ടി ഡയറക്ടർ**
**ഇടുക്കി**

**അനുബന്ധം-1**

**ഓഡിറ്റ് സാക്ഷ്യപത്രം**

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ഇടുക്കി ജില്ലയിലെ പള്ളിവാസൽ ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**<u>അനുബന്ധം-2</u>**

**<u>ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം</u>**

ഇടുക്കി ജില്ലയിലെ പള്ളിവാസൽ ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്